മലയാള ഐക്യവേദി
വിദ്യാർത്ഥി മലയാളവേദി

# സംസ്ഥാന സമ്മേളനപ്പതിപ്പ്

2023 ഫെബ്രുവരി 11 12

# സമരമലയാളത്തിന്റെ 13 വർഷങ്ങൾ

**കെ. ഹരികുമാർ**
സെക്രട്ടറി, മലയാള ഐക്യവേദി

മാതൃഭാഷയ്ക്കുവേണ്ടിയുള്ള സമരം ഭാഷാസമരമല്ല, സ്വാതന്ത്ര്യസമരത്തിന്റെ തുടർച്ചയാണ് എന്ന ഉറച്ച ബോധ്യത്തിലാണ് മലയാള ഐക്യവേദിയുടെ നേതൃത്വത്തിൽ ഭാഷാപ്രവർത്തകർ മലയാളത്തിനു വേണ്ടി തെരുവിലിറങ്ങിത്തുടങ്ങിയത്. വിജ്ഞാനസമൂഹമാകാനുള്ള ചർച്ചകൾ കേരളത്തിൽ ഇടംപിടിക്കുന്നതിന് മുൻപ് കേരളത്തിന്റെ തെരുവുകളിൽ ഈ വിഷയം ചർച്ച ചെയ്തു തുടങ്ങിയ പ്രസ്ഥാനങ്ങളാണ് മലയാള ഐക്യവേദിയും വിദ്യാർത്ഥി മലയാളവേദിയും. 12-ാമത് സംസ്ഥാന സമ്മേളനം മലയാളത്തിന്റെ അക്ഷരനഗരിയായ കോട്ടയത്ത് നടക്കുമ്പോൾ ഭാഷാസമരങ്ങളുടെ സഞ്ചാരവഴികൾ ഓർക്കുന്നത് ഭാഷാപ്രവർത്തകർക്കും സമരത്തിനൊപ്പം നിന്ന ഓരോരുത്തർക്കും പ്രചോദനമാകും.

14 വർഷത്തെ ഭാഷാപോരാട്ടങ്ങളുടെ നേട്ടം മലയാളത്തിനു വേണ്ടി ചോദിക്കാനും പറയാനും കേരളത്തിൽ ആളുണ്ടായിത്തുടങ്ങി എന്നതാണ്. തൊണ്ണൂറുകൾക്ക് ശേഷം തരംതാഴ്ത്തലും അവഗണനയും നേരിട്ട മലയാളത്തെ പുറകോട്ടടിക്കുന്ന വാർത്തകളായിരുന്നു അന്ന് ഉയർത്തിക്കൊണ്ട് വന്നത്. പുതിയ സാമ്പത്തിക സമവാക്യങ്ങൾക്കൊപ്പം സഞ്ചരിക്കാൻ മാതൃഭാഷകൾ പോര എന്നൊരു കാഴ്ചപ്പാടും അതിനൊപ്പം നിന്നവർ ബോധപൂർവം പ്രചരിപ്പിച്ചു. മാതൃഭാഷകളുടെ ഉയർത്തെഴുന്നേൽപ്പുകളാണ് പുതിയ ലോകക്രമത്തിലുള്ളതെന്നറിയാനും അറിഞ്ഞവ ബോധപൂർവം മറച്ചുവയ്ക്കാനുമുള്ള ശ്രമങ്ങളും ഇതിനൊപ്പം നടന്നു. വിദ്യാലയങ്ങളിൽ നിന്നുമാത്രമല്ല, തൊഴിൽപ്രവേശന പരീക്ഷകളിലും മലയാളത്തെ പതുക്കെപ്പതുക്കെ അറുത്തുമാറ്റിത്തുടങ്ങിയ കാലത്തു നിന്നാണ് മലയാളത്തിനു വേണ്ടി തെരുവിൽ സമരം ചെയ്യാനും പട്ടിണികിടക്കാനും ഉറക്കെ മുദ്രാവാക്യം വിളിക്കാനും ഒരു സംഘം ഭാഷാപ്രവർത്തകർ മുന്നോട്ടുവന്നത്. സമൂഹത്തിന്റെ എല്ലാവിഭാഗങ്ങളിലുമുള്ളവരുടെ കൂടിച്ചേരലുകൾ ഭാഷയ്ക്ക് ഊർജം പകർന്നു. ശേഷമുണ്ടാവുന്നത് ഭാഷാചരിത്രത്തിലെ സുപ്രധാന ഏടുകളിലേക്കുള്ള ചരിത്രസംഭവങ്ങളും.

**ഒന്നാം ഭാഷയ്ക്ക് വേണ്ടി നിരാഹാരങ്ങളും കൂട്ടധർണകളും**

ഹയർസെക്കൻഡറി മേഖലയിൽ മലയാളത്തെ ബോധപൂർവ്വം ഒഴിവാക്കാനുള്ള നീക്കത്തിനെതിരെ 2010 ഡിസംബർ 22ന് ഐക്യമലയാളപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നിരാഹാരസത്യാഗ്രഹസമരം നടത്തിയത് കേരളം 'മലയാള'ത്തെ ശ്രദ്ധിക്കണമെന്നോർമിപ്പിച്ചു. കക്ഷിഭേദമന്യേ സാംസ്കാരികപ്രവർത്തകർ, രാഷ്ട്രീയക്കാർ, ബഹുജനപ്രസ്ഥാനങ്ങൾ, എഴുത്തുകാർ, തൊഴിലാളികൾ, കലാകാരന്മാർ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ അണിചേർന്നു. 2011 മെയ് 6 ന് മലയാളം നിർബന്ധിത ഒന്നാംഭാഷയായി ഉത്തരവിറങ്ങി.

ഉത്തരവിറങ്ങിയിട്ടും നടപടിയാവാത്തതിനെത്തുടർന്ന് 2013 മാർച്ച് 19ന് എഴുത്തുകാരൻ കെ.പി. രാമനുണ്ണി അനിശ്ചിതകാല നിരാഹാരം തുടങ്ങി. കവി ഒ.എൻ.വി കുറുപ്പാണ് സമരം ഉദ്ഘാടനം ചെയ്തത്. ഉത്തരവുകൾ കൊണ്ട് മാത്രം മലയാളത്തിന് ശിരസ്സുയർത്താനാവില്ലെന്നറിഞ്ഞ് ഒന്നാംഭാഷ നിയമനിർമാണം നടത്തുക, കോടതിഭാഷ മലയാളമാക്കുക, പ്രവേശനപരീക്ഷകൾ മലയാളത്തിലെഴുതാൻ അനുവദിക്കുക, മലയാളത്തിനായി പ്രത്യേക വകുപ്പും അതിനു കീഴിൽ ഡയറക്ടറേറ്റുമനുവദിക്കുക തുടങ്ങി വിവിധ ആവശ്യങ്ങളുന്നയിച്ച് സമഗ്ര മലയാള നിയമനിർമാണം വേണമെന്ന വാദവുമായി സർക്കാരിനെ സമീപിച്ചു.

**മാതൃഭാഷാവകാശജാഥ**

സമഗ്രമാതൃഭാഷാനിയമം നിയമസഭയിൽ അട്ടിമറിക്കാനിടയുണ്ടെന്നറിഞ്ഞ മാതൃഭാഷാപ്രവർത്തകർ കേരളക്കരയാകെ ഈ വിഷയമെത്തിക്കാനും ബഹുജന അഭിപ്രായരൂപീകരണത്തിനുമായി മാതൃഭാഷാവകാശജാഥയ്ക്ക് തയ്യാറെടുത്തു. മലയാള ഐക്യവേദി സംസ്ഥാന പ്രസിഡന്റ്




ഡോ. വി.പി. മാർക്കോസ് ജാഥാക്യാപ്റ്റനായി ഐക്യമലയാള പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 2016 ഒക്ടോബർ 22 മുതൽ 30 വരെ കാസർകോട് ഒപ്പുമരച്ചുവട്ടിൽ നിന്ന് തിരുവനന്തപുരം വരെ 32 സ്വീകരണ കേന്ദ്രങ്ങളിൽ ബഹുജനങ്ങളെ പങ്കെടുപ്പിച്ച് നടത്തിയ മാതൃഭാഷാവകാശജാഥ ഭാഷാചരിത്രത്തിൽ ഇടംനേടി. കോടതിഭാഷയുമായി ബന്ധപ്പെട്ട ചൂടേറിയ ചർച്ചകൾക്കൊടുവിൽ മലയാള ഭാഷാബിൽ കേരളനിയമസഭ പാസാക്കിയെങ്കിലും നിയമം പൗരർക്ക് പ്രയോജനപ്പെടാനാവാത്ത രീതിയിൽ സർക്കാർ അത് രാഷ്ട്രപതിക്കയച്ചു. നിയമം നടപ്പായി ആറുവർഷം പിന്നിട്ടിട്ടും പൗരന്മാരുടെ ജീവിതാവശ്യങ്ങൾക്ക് സ്വന്തം ഭാഷ ഉപയോഗപ്രദമാക്കാൻ തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾക്കായിട്ടില്ല.

**മലയാളപഠന നിയമം**

തുടർന്ന് വന്ന ഇടതുപക്ഷ സർക്കാർ 2017 ൽ കേരളത്തിലെ എല്ലാ വിദ്യാലയങ്ങളിലും മലയാളം വിഷയമായി പഠിക്കാൻ പാകത്തിൽ മലയാളപഠനനിയമം കൊണ്ടുവന്നു. അതുവരെ മലയാളം പറഞ്ഞാൽ ശിക്ഷിക്കുമെന്ന വാർത്ത കേട്ട കേരളം, മലയാളം പഠിപ്പിച്ചില്ലെങ്കിൽ പിഴയും സ്ഥാപനത്തിന്റെ അംഗീകാരവും നഷ്ടമാകുമെന്ന് തിരിച്ചറിഞ്ഞു. നിയമസഭ പാസാക്കിയ നിയമം നടപ്പാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ ആളില്ലാത്ത അവസ്ഥയുണ്ടായി. കോളനിബോധം പേറുന്ന ഒരു കൂട്ടം ഉദ്യോഗസ്ഥപ്രഭുക്കളും അനുയായികളും മലയാളപഠനനിയമത്തെ ബോധപൂർവം അവഗണിക്കുന്ന തരത്തിലുള്ള ശ്രമങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. മലയാള ഭാഷാബില്ലിനെ കേരളത്തിനു വെളിയിൽ നിർത്തിയ സ്ഥിതിയാണെങ്കിൽ മലയാളപഠനനിയമത്തെ കേരളത്തിനകത്ത് അവഗണിച്ചു. പ്രളയകാലത്തിനു തൊട്ട് മുൻപ് 2018 മേയ് മാസത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ ഉത്തരവ് മലയാള

*(ശേഷം 3-ാം പേജിൽ)*

## മാതൃഭാഷയുടെ രാഷ്ട്രീയം

**രൂപിമ. എസ്**

ആധുനികീകരണത്തിന്റെയും നവോത്ഥാനത്തിന്റെയും സന്ദർഭത്തിലാണ് മാതൃഭാഷയെ മുൻനിർത്തിയുള്ള ഭാഷാവിചാരങ്ങൾ സജീവമാകുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ ആലോചനകൾ 'കേരളം' എന്ന ഐക്യദേശത്തെ വിഭാവനം ചെയ്തുള്ള വ്യവഹാരങ്ങളെ സംബന്ധിച്ചും പ്രസക്തമാവുന്നു. ദേശം, പൗരത്വം തുടങ്ങിയ സംജ്ഞകൾ പ്രശ്നവൽക്കരിക്കപ്പെടുന്ന സമകാലിക സാഹചര്യത്തിൽ, ഒരു ജനതയെയൊന്നാകെ ആധുനിക സാമൂഹിക ജീവിതത്തിലേക്ക് നയിച്ച ഗുണപരമായ ആശയസംഹിതയായി മാതൃഭാഷാവബോധം ചരിത്രത്തിൽ പ്രവർത്തിച്ചുവെന്ന് തിരിച്ചറിയേണ്ടതുണ്ട്. ജനാധിപത്യമെന്ന ആധുനിക ആശയസംഹിതയോട് ചേർത്തുവച്ചാണ് മാതൃഭാഷയെന്ന ആശയത്തേയും മനസ്സിലാക്കേണ്ടത്. ജനാധിപത്യത്തിന്റെ സുതാര്യവും പരമാവധി സമഗ്രവുമായ പരിശീലനത്തിൽ, നീതി നിർവ്വഹണത്തിന്റെ തലമാണ് മാതൃഭാഷ സാധ്യമാക്കുന്നത്. ഒരു സാമൂഹികഘടനയിൽ മനുഷ്യർ പരസ്പരസമ്മതത്തോടെ സംഘടിതമായി വിനിമയം ചെയ്തു വരുന്ന ഭാഷ അവരുടെ വൈകാരിക സാംസ്കാരിക ചരിത്രബന്ധങ്ങളുടെ നിർമ്മിതിയാണ്. അതുകൊണ്ടുതന്നെ അത് നിലനില്പിന്റേയോ അതിജീവനത്തിന്റേയോ സാധ്യതയായി മാറേണ്ടതുണ്ട്.

രൂപപ്പെട്ടുവരുന്ന പുതിയസമൂഹത്തെ അതിന്റെ മാതൃഭാഷയെ അടിസ്ഥാനമാക്കി വിഭാവനം ചെയ്യാനാണ് കേരളത്തിന്റെ നവോത്ഥാനം ശ്രമിച്ചത്. ഭരണം, തൊഴിൽ, വിദ്യാഭ്യസം, കോടതി തുടങ്ങിയ സാമൂഹ്യ വ്യവഹാരങ്ങളുടെ മാധ്യമമായി മാതൃഭാഷയെയാണ് നവോത്ഥാനം സ്ഥാപിക്കുന്നത്. നവോത്ഥാനത്തിന്റെ തദ്ദേശീയ ഭാഷാപ്രവർത്തനവഴികളിൽ തന്നെ വിപുലവും വ്യത്യ




സ്തവുമായ ധാരകൾ കാണാം. ഒരേസമയം വിദ്യാഭ്യാസപരമോ സാഹിത്യപരമോ സാമൂഹ്യപരമോ ആയ പരിഷ്കരണ ശ്രമങ്ങളുടെ ഭാഗമായി മാതൃഭാഷ ഉറപ്പിക്കപ്പെടുന്നുണ്ട്. അക്കാദമികമെന്ന് വിശേഷിപ്പിക്കാവുന്ന ആദ്യ ധാര കേരളവർമ്മ വലിയകോയിത്തമ്പുരാൻ, എ ആർ രാജരാജവർമ്മ, പുന്നശ്ശേരിനമ്പി, വടക്കുംകൂർ, സി ഡി ഡേവിഡ്, ഒ എം ചെറിയാൻ, ഐ സി ചാക്കോ, മൂർക്കോത്ത് കുമാരൻ, പി ശങ്കരൻനമ്പ്യാർ എന്നിങ്ങനെ നീളുന്ന ഭാഷാപ്രവർത്തകരുടെയൊരു നിരയാണ് മുന്നോട്ടുകൊണ്ടുപോയത്. അതോടൊപ്പം സമരോന്മുഖവും സാമൂഹികവും ജനകീയവുമായ ഇടപെടലുകളുടെ ഭാഗമായി ഈ പരിഷ്ക്കരണങ്ങൾ വികസിക്കുന്നുണ്ട്. സമുദായപരിഷ്കർത്താക്കളുടെ ജനകീയമായ ഇടപെടലുകൾ കേരളനവോത്ഥാനത്തിൽ കണ്ടെടുക്കാം. മക്തിതങ്ങൾ, ജോർജ്ജ് മാത്തൻ, സഹോദരൻ അയ്യപ്പൻ തുടങ്ങിയവർ ഭാഷയെ സാമൂഹിക ജീവിതത്തിന്റെ ഉപാധിയായി പരിണമിക്കുന്ന ഒന്നായി വിശദീകരിക്കാനാണ് ശ്രമിച്ചത്. ഈ രണ്ട് ധാരകളും മാതൃഭാഷാടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസം ഭരണം തൊഴിൽ എന്നീ ഘടകങ്ങളെ ചേർത്തുവെച്ച് വിശദീകരിക്കുകയും ജനാധിപത്യവുമായി അവ പരസ്പരാശ്രിതമാണെന്ന് തിരിച്ചറിയുകയും ചെയ്തിരുന്നുവെന്ന് കാണാം.

1956 ൽ ഭാഷാടിസ്ഥാനത്തിൽ കേരളമെന്ന സംസ്ഥാനം രൂപപ്പെടുന്ന സന്ദർഭത്തിലും ജനാധിപത്യഭരണം

*(ശേഷം 3-ാം പേജിൽ)*

# ഫെബ്രുവരി 21 ലോകമാതൃഭാഷാദിനം

**പി.പവിത്രൻ**

ഫെബ്രുവരി 21 ആണ് ഐക്യരാഷ്ട്രസഭ ലോകമാതൃഭാഷാദിനമായി കൊണ്ടാടുന്നത്. 1952 ൽ ബംഗ്ലാദേശിൽ (അന്നത്തെ കിഴക്കൻ പാക്കിസ്ഥാൻ) ഉർദു ഭാഷ ഭരണഭാഷയായി അടിച്ചേല്പിക്കുന്നതിനെതിരെ നടന്ന കലാപത്തിൽ ഡാക്ക സർവകലാശാലയിലെ വിദ്യാർത്ഥികൾ പാക്കിസ്ഥാൻ പോലീസിന്റെ വെടിവെപ്പിൽ കൊല്ലപ്പെട്ടതിന്റെ ഓർമ പുതുക്കുന്ന ദിവസമാണത്. ബംഗ്ലാദേശിൽ വളരെ ആദരവോടെ, ദേശീയ പ്രാധാന്യത്തോടെ ഭാഷാപ്രസ്ഥാനദിനമായി ആഘോഷിച്ചുപോന്ന ഈ പൊതു അവധി ദിവസം 2000-ത്തിലാണ് ഐക്യരാഷ്ട്രസഭ ലോകമാതൃഭാഷാദിനമായി അംഗീകരിച്ചത്. 1999 ൽ യുനെസ്കോയുടെ മുപ്പതാം പൊതുസമ്മേളനസെഷനിൽ ഫെബ്രുവരി 21 ലോകമാതൃഭാഷാദിനമായി പ്രഖ്യാപിക്കണമെന്ന ബംഗ്ലാദേശിന്റെ നിർദ്ദേശത്തെ പിന്താങ്ങിയവരിൽ ഇന്ത്യയോടൊപ്പം അന്ന് വെടിവെപ്പിന് കാരണക്കാരായ പാക്കിസ്ഥാന്റെയും പ്രതിനിധികൾ ഉൾപ്പെട്ടിരുന്നു.

ബംഗാളിഭാഷയ്ക്കു വേണ്ടിയുള്ള സമരം ഇരുപതാം നൂറ്റാണ്ട് പിറക്കുന്നതിന് മുമ്പെ ആരംഭിച്ചിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽത്തന്നെ സ്ത്രീവാദിയും സ്ത്രീവിദ്യാഭ്യാസപ്രവർത്തകയുമായ റുഖിയ സക്കാവത്ത് ഹുസ്സൈനെ(1880-1932)പ്പോലുള്ള എഴുത്തുകാരികൾ ബംഗാളിഭാഷയ്ക്കു വേണ്ടി രംഗത്തുവന്നു കഴിഞ്ഞിരുന്നു. സ്ത്രീകളുൾപ്പെടെയുള്ള അവഗണിക്കപ്പെട്ട വിഭാഗങ്ങളുടെ ആത്മപ്രകാശനവും വിദ്യാഭ്യാസപ്രവർത്തനവും മാതൃഭാഷാപ്രവർത്തനവുമായി എങ്ങനെ തുടക്കത്തിൽത്തന്നെ ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് ബീഗം റൂഖിയയുടെ ജീവിതവും രചനകളും ചൂണ്ടിക്കാണിക്കുന്നത്.

ഇന്ത്യൻ നാഷണൽ കോൺഗ്രസിലെന്നതു പോലെ തന്നെ പാക്കിസ്ഥാനു വേണ്ടി വാദിച്ചുകൊണ്ടിരുന്ന മുസ്ലിംലീഗിലും സ്വാതന്ത്ര്യത്തിനു മുമ്പുതന്നെ ഭാഷാപരമായ വൈവിധ്യത്തിലൂന്നിയ വാദങ്ങൾ ഉയർന്നു വന്നിരുന്നു. 1937ലെ മുസ്ലിം ലീഗിന്റെ ലക്നോ സെഷനിൽ ബംഗാളിൽനിന്നുള്ള പ്രതിനിധികൾ ഉർദുവിനെ ഏക ഔദ്യോഗികഭാഷയായി പരിഗണിക്കുന്നതിനെ എതിർത്തിരുന്നു.1947 ൽ പാക്കിസ്ഥാൻ രൂപീകരിച്ച് ഉർദു ഏക ഔദ്യോഗികഭാഷയായി പ്രഖ്യാപിച്ചപ്പോൾത്തന്നെ എതിർപ്പുകളും ആരംഭിച്ചു. പാക്കിസ്ഥാനിലെ പബ്ലിക് സർവീസ് കമ്മിഷൻ അംഗീകരിക്കപ്പെട്ട ഭാഷകളുടെ കൂട്ടത്തിൽനിന്ന് ബംഗാളിയെ നീക്കം ചെയ്യുകയായിരുന്നു. തമദ്ദുൻ മജ്‌ലിസ് എന്ന സാംസ്കാരിക സംഘടന ഭരണത്തിലും വിദ്യാഭ്യാസത്തിലും ബംഗാളി തന്നെയാകണമെന്ന് ആവശ്യപ്പെട്ടു. 1948 മാർച്ചിൽ ഡാക്ക സർവകലാശാലയിലെ വിദ്യാർത്ഥികൾ സർക്കാറിന്റെ ഭാഷാനയത്തിനെതിരെ സമരം ചെയ്തു. ബംഗാളിയെ പാക്കിസ്ഥാനിലെ ഔദ്യോഗികഭാഷകളിലൊന്നാക്കണമെന്നായിരുന്നു ആവശ്യം.

ഈ ആവശ്യം പാക്കിസ്ഥാൻ അധികാരികൾ അംഗീകരിച്ചില്ലെന്നു മാത്രമല്ല, കിഴക്കൻ പാക്കിസ്ഥാനിലെത്തി ഉർദു മാത്രം എന്ന കർക്കശമായ നിർദ്ദേശം ആവർത്തിച്ചു പ്രഖ്യാപിക്കുകയാണ് അവർ ചെയ്തത്. എന്നു മാത്രമല്ല, സ്വന്തമായ ലിപിയും പാരമ്പര്യവുമുള്ള ബംഗാളി ഭാഷയെ അറബിക് ലിപിയിൽ എഴുതണമെന്ന് നിർദ്ദേശിക്കുന്നതുവരെ അത് എത്തിച്ചേർന്നു. എല്ലാം ചേർന്നപ്പോൾ പ്രതിഷേധസമരത്തിന് ആക്കം കൂടി. 1952 ൽ ജിന്നയുടെ പിൻഗാമിയായി വന്ന ഗവർണർ ജനറൽ ക്വാജാ നസിമുദ്ദീൻ 1952 ജനുവരി 27 ലെ ഒരു യോഗത്തിൽ ഉർദു മാത്രം എന്ന കർക്കശനയം പ്രഖ്യാപിച്ചത് വൻ പ്രകോപനമുണ്ടാക്കി. 1952 ജനുവരി 31 ന് മൗലാനാ ബാഷാനിയുടെ അധ്യക്ഷതയിൽ ധാക്ക സർവകലാശാലാ ബാർ ലൈബ്രറി ഹാളിൽ ചേർന്ന സർവകക്ഷി ഭാഷാ ആക്ഷൻ കമ്മിറ്റിയോഗത്തിൽ വെച്ച് ഫെബ്രുവരി 21 പ്രതിഷേധ ദിനമായി ആചരിക്കാൻ തീരുമാനിച്ചു.

1952 ഫെബ്രുവരി 21 ഡാക്ക സർവകലാശാലയിലും പരിസരത്തും പാക്കിസ്ഥാൻ സർക്കാർ നിരോധനാജ്ഞ പുറപ്പെടുവിച്ചു. സർവകലാശാലാ കാമ്പസ് പോലീസ് വലയത്തിലാക്കിക്കഴിഞ്ഞിരുന്നു. ഇതിനെയൊന്നും വകവെക്കാതെ ആ പ്രഭാതത്തിൽ മാതൃഭാഷയായ ബംഗാളിയെ സ്നേഹിക്കുന്ന പോരാളികളായ വിദ്യാർത്ഥികൾ കാമ്പസിനു മുന്നിൽ ഒത്തുചേരാൻ തുടങ്ങിയിരുന്നു. പതിനൊന്നുമണിയോടെ പോലീസ് വലയം ഭേദിച്ച് വിദ്യാർത്ഥികൾ മുന്നോട്ടുനീങ്ങി. കിഴക്കൻ ബംഗാൾ നിയമസഭാ പരിസരത്തെത്തി തങ്ങളുടെ ആവശ്യം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടു. പോലീസ് വെടിവെപ്പ് ആരംഭിച്ചു. അബ്ദുസലാം, റഫീഖുദ്ദീൻ അഹമ്മദ്, അബ്ദുൾ ബർക്കത്, അബ്ദുൾ ജബ്ബാർ എന്നീ വിദ്യാർത്ഥിനേതാക്കളുൾപ്പെടെ നിരവധി പേർ വെടിവെപ്പിൽ കൊല്ലപ്പെട്ടു. പിറ്റെ ദിവസം നടന്ന പ്രതിഷേധസമരങ്ങൾക്കുനേരെ വീണ്ടും പോലീസ് വെടിവെപ്പും കൂടുതൽ മരണങ്ങളുമുണ്ടായി.

അതിനടുത്ത ദിവസം ഡാക്ക മെഡിക്കൽ കോളജിലെ വിദ്യാർത്ഥികൾ രക്തസാക്ഷികളുടെ സ്മാരകം അവർ മരിച്ചുവീണിടത്തുതന്നെ ഉയർത്താൻ ശ്രമിച്ചു. ഫെബ്രുവരി 24 ന് അത് പൂർത്തീകരിച്ചു.

ശഹീദ് സ്മൃതി സ്തംഭം എന്ന് അതിൽ ആലേഖനം ചെയ്തു. രക്തസാക്ഷിയായ സഫിറുർ റഹ്മാന്റെ പിതാവാണ് അത് ഉദ്ഘാടനം ചെയ്തത്. 26 ാം തീയതി പോലീസ് ഈ സ്മാരകം നശിപ്പിച്ചു. വെടിവെപ്പിനെക്കുറിച്ച് അന്വേഷിച്ച സർക്കാറിന്റെ കമ്മിഷൻ അത് ന്യായീകരിക്കത്തക്കതല്ലെന്ന നിലപാടിലാണ് എത്തിച്ചേർന്നത്.

വെടിവെപ്പിന്റെ ഒന്നാം വാർഷികദിനത്തിൽ സർവകക്ഷി ഭാഷാ സമരസമിതി ആ ദിവസം രക്തസാക്ഷി ദിനമായി കൊണ്ടാടാൻ തീരുമാനിച്ചു. പാക്കിസ്ഥാനിലെങ്ങും കറുത്ത ബാഡ്ജുകളണിഞ്ഞ് ജനങ്ങൾ പ്രതിഷേധത്തിൽ അണിചേർന്നു. ഓഫീസുകളും ബാങ്കുകളും അടഞ്ഞുകിടന്നു. ഒരു ലക്ഷത്തിലധികം പേർ ചേർന്ന പ്രതിഷേധയോഗത്തിൽ വെച്ച് ജയിലിൽ കിടക്കുന്ന സമരനേതാക്കളെ മോചിപ്പിക്കാൻ സർക്കാറിനോട് ആവശ്യപ്പെട്ടു. എന്നാൽ ബംഗാളിക്കു വേണ്ടി വാദിക്കുന്നവർ രാഷ്ട്രത്തിന്റെ ശത്രുക്കളാണെന്ന നിലപാടാണ് അധികാരികൾ തുടർന്നും സ്വീകരിച്ചത്. 1954 ഫെബ്രുവരി 21 ലെ രക്തസാക്ഷിദിനാചരണം പ്രതിഷേധത്തിലും അറസ്റ്റിലുമാണ് കലാശിച്ചത്. 1954 ലെ പ്രവിശ്യാതിരഞ്ഞെടുപ്പിൽ ബംഗാളി ഭാഷാസമരത്തിന്റെ പിന്തുണക്കാരായ ഐക്യമുന്നണി അധികാരത്തിലെത്തി. ബംഗാളി ഭാഷയ്ക്കു വേണ്ടിയുള്ള അക്കാദമി സ്ഥാപിക്കുകയാണ് ഈ സർക്കാർ ചെയ്ത ഒരു നടപടി. എന്നാൽ പാക്കിസ്ഥാനിലെ കേന്ദ്രസർക്കാർ ഈ പ്രാദേശിക സർക്കാറിനെ പിരിച്ചുവിടുകയാണുണ്ടായത്. 1956 ൽ ഐക്യമുന്നണി സർക്കാർ വീണ്ടും അധികാരത്തിൽ വന്നു. ഭാഷാസമരത്തിന് രക്തസാക്ഷികളായവർക്ക് സ്മാരകം നിർമിക്കാൻ തീരുമാനിച്ചു. രക്തസാക്ഷികളെ സ്മരിച്ചുകൊണ്ട് നിയമസഭ അഞ്ചുമിനിട്ട് നിർത്തിവെച്ചു. 1956 ഫെബ്രുവരി 29 ന് ബംഗാളി പാക്കിസ്ഥാന്റെ രണ്ടാമത്തെ ഔദ്യോഗിക ഭാഷയായി അംഗീകരിക്കപ്പെട്ടു. അങ്ങിനെ ഒരു ദശകം നീണ്ടു നിന്ന മാതൃഭാഷാസമരം വിജയകരമായ പരിസമാപ്തിയിലെത്തിച്ചേർന്നു.

ബംഗ്ലാദേശിലെ ഭാഷാസമരം അവിടത്തെ സാഹിത്യസൗന്ദര്യസംസ്കാരമേഖലകളെ ആഴത്തിൽ സ്വാധീനിക്കുകയുണ്ടായി. അനേകം കവിതകളും കഥകളും നോവലുകളും സിനിമകളും അതിന്റെ പേരിൽ രചിക്കപ്പെട്ടു. മതേതരജനാധിപത്യറിപ്പബ്ലിക്കായി ബംഗ്ലാദേശിനെ നിലനിർത്തുന്നതിൽ ഭാഷാസമരത്തിനുള്ള പങ്ക് നിർണായകമാണ്.

*( മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരം, 2014)*

# ബഹുഭാഷാലോകം: ആഴങ്ങളിലെ അന്തർവാഹിനികൾ

**സ്നേഹ എച്ച്. എൻ.**

*(സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ചു നടത്തിയ ഉപന്യാസ മൽസരത്തിൽ ഒന്നാം സ്ഥാനം നേടിയ ഉപന്യാസത്തിൽ നിന്ന്...)*

പരസ്പരം വിഴുങ്ങുന്ന ഉരഗങ്ങളെപ്പോലെ ഭാഷ ഭാഷയ്ക്ക് മേൽ കടന്നുകയറുകയും ആ കലാപത്തിന്റെ ഒടുവിൽ അധികാരകേന്ദ്രങ്ങളുടെ ഭാഷ ആഗോളീകരിക്കപ്പെടുകയും ചെയ്യുന്ന അധികാരവിനിയോഗരീതി ലോകത്തെമ്പാടും ശക്തമാണ്. ഭാഷയ്ക്ക് ലോകാതിർത്തികൾ ഭേദിച്ച് ഒളിഞ്ഞും തെളിഞ്ഞും ജനതകൾക്കിടയിലേയ്ക്ക് കടത്തപ്പെടാനുള്ള ശേഷിയുണ്ട്. എണ്ണമറ്റ സംസ്കാരങ്ങളും അവയുടെ സ്വത്വഭാരം പേറുന്ന അനേകായിരം ഭാഷകളും തത്ഫലമായി ഇവിടെ രൂപപ്പെടുത്തിയത് ഒരു ബഹുഭാഷാലോകത്തെയാണ്. കൂടിക്കലരലിന്റേയും, അധികാരവിനിമയത്തിന്റെയും ലോകമാണിത്. അധികാരകേന്ദ്രങ്ങളുടെ ആഗ്രഹങ്ങളും ആവശ്യവും മുൻനിർത്തിയാണ് ഭാഷയെയിവിടെ തട്ടുതിരിക്കുന്നത്. ഭാഷയ്ക്കുള്ളിലെ ലിംഗവർണ്ണജാതി വിവേചനങ്ങളുടെ ആരംഭം ഇവിടെയാണെന്ന് അനുമാനിക്കാം. അതനുസരിച്ച് ഭാഷയ്ക്ക് ലക്ഷണാപലക്ഷണങ്ങൾ നിർണയിക്കുന്നതും, ലക്ഷണയുക്തമല്ലെന്ന് വെളിപ്പെടുന്ന പക്ഷം അതിനെ മറ്റൊന്നിന് ഇരയായി നൽകുകയുമാണ് ചെയ്യുന്നത്. ഒരു ജനതയുടെ സർവ്വസ്വവും ഉൾകൊള്ളുന്ന മാതൃഭാഷാപരിസരത്തെ അട്ടിമറിക്കുന്ന ആഴങ്ങളിലെ ഈ അന്തർവാഹിനികൾ തിരിച്ചറിയപ്പെടേണ്ടതുണ്ട്.

ബഹുഭാഷകളുടെ പകർന്നാട്ടങ്ങളിലും, ഉൾചേതനയുടെ സ്വരവിനിമയത്തിന് മാതൃഭാഷ കൂടിയേതീരു എന്ന തിരിച്ചറിവിലാണ് ബഹുഭാഷാലോകത്തെ മാതൃഭാഷാജീവിതത്തിന്റെ ആദിയും അന്തവുമെന്നുപറയാം. ആര്യാധിനിവേശവും കോളനിവാഴ്ചയും മുന്നോട്ടു വെച്ച ഭേദരാഷ്ട്രീയം മാതൃഭാഷയുടെ രൂപഭാവാദികളിൽ സാരമായ അംഗഭംഗം ഉണ്ടാക്കിയിട്ടുണ്ട്. ആഫ്രിക്കൻ സാഹിത്യത്തിൽ ഗികുയുഭാഷയുടെ അതിജീവന പാഠങ്ങൾ ഗൂഗിവാ തിയോംഗോയിലൂടെ ലോകം വായിച്ചറിഞ്ഞതാണ്. മാതൃഭാഷയിൽ കോളനീകരണം നടപ്പിലാക്കുന്ന ഉൾപരിവർത്തനത്തെ തിരിച്ചറിയുന്നതും അപകോളനീകരണത്തിലൂടെ ഭാഷാവീണ്ടെടുപ്പിനുള്ള ശ്രമങ്ങൾ നടപ്പിൽവരുത്തുന്നതും നമുക്കവിടെ കാണാം. സമാനമായി, ഇന്ത്യൻ സാഹചര്യത്തിൽ ബ്രിട്ടീഷുകാർ വച്ചുപുലർത്തിയിരുന്ന കാഴ്ചപ്പാടിന്റെ ഫലമാണ് ഇന്ത്യയിലെ ഓറിയന്റൽ സ്കൂളുകൾ. ഹിന്ദുക്കളും മുസ്ലീങ്ങളും മാത്രം ചേർന്നതാണ് ഇന്ത്യയെന്നും അതുപ്രകാരം ഹിന്ദുക്കളുടെ ഭാഷ സംസ്കൃതവും മുസ്ലീങ്ങളുടെ ഭാഷ അറബിയുമാണെന്നും, അങ്ങനെ വരുമ്പോൾ ഇന്ത്യക്കാർ മാതൃഭാഷാശൂന്യരാണെന്നുമായിരുന്നു അവരുടെ വാദം. കേന്ദ്രസർക്കാരിന്റെ ഭാഷാനയം ഭാരതത്തിന്റെ ബഹുസ്വരതയ്ക്കു നേരെയുള്ള കടന്നാക്രമണമായി മാറിയത് നാം കണ്ടതാണ്. മാത്രമല്ല, ഹിന്ദി രാഷ്ട്രഭാഷയാക്കാനുള്ള നീക്കങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ തന്നെ ലംഘനമായിത്തീരുകയും ചെയ്യും.



ആശംസകളോടെ.....

ബി.സി.എം. കോളേജ്,
കോട്ടയം മലയാള വിഭാഗം

ആശംസകളോടെ.....

കോട്ടയം ജില്ല
ഹയർ സെക്കണ്ടറി സ്കൂൾ
മലയാള അധ്യാപക വേദി






# കോട്ടയത്തിന്റെ അക്ഷരപ്പെരുമ

ടോം മാത്യു



അക്ഷരങ്ങളുടെ നാട് എന്നാണ് കോട്ടയത്തിന്റെ പ്രഖ്യാപിത വിശേഷണം. അച്ചടിയുമായി ബന്ധപ്പെട്ട മലയാള ഭാഷാവികാസചരിത്രവും കോട്ടയത്തു നിന്നു പ്രസിദ്ധീകരിച്ചു തുടങ്ങിയ പത്രമാസികകളും ജനപ്രിയ ആഴ്ചപ്പതിപ്പുകളും ആധുനിക വിദ്യാഭ്യാസരംഗത്ത് കോട്ടയത്തുനിന്നുണ്ടായ ആദ്യകാല കുതിപ്പുകളും, സമ്പൂർണ്ണ സാക്ഷരതയുടെ ആദ്യ മാതൃകകളുമെല്ലാം കോട്ടയത്തെ ഭാഷാസ്നേഹികളുടെ നാടാക്കി മാറ്റുന്നു.

മീനച്ചിലാറിന്റെ തീരത്ത് തെക്കുംകൂർ രാജാവ് പണികഴിച്ച തളിക്കോട്ടയുടെ ഉള്ളിലുള്ള സ്ഥലം കോട്ടയ്ക്കകം ആണ് കോട്ടയമായിത്തീർന്നത്. കിഴക്ക് പശ്ചിമഘട്ട മലനിരകളും പടിഞ്ഞാറ് വേമ്പനാട്ട് കായലും അതിരിടുന്ന കോട്ടയം ഔദ്യോഗികമായി രൂപീകൃതമാകുന്നത് 1949 ൽ ആണ്.

തെക്കെ ഇന്ത്യയിലെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ചരിത്രം ആരംഭിക്കുന്നത് 1813ൽ കോട്ടയത്തെ പഴയ സെമിനാരിയുടെ അകത്തളത്തിൽ നിന്നാണ്.ബഞ്ചമിൻ ബെയ്ലി 1821 ൽ സ്ഥാപിച്ച മലയാളത്തിലെ ആദ്യ പ്രസ്, സി എം എസ് പ്രസ് കോട്ടയത്ത് സ്ഥാപിച്ചു. സ്വയം നിർമ്മിച്ച അച്ചിന്റെ പ്രകാശത്തിൽ കോട്ടയത്ത് ബഞ്ചമിൻ ബെയ്ലി സ്ഥാപിച്ച അച്ചടിശാല ഇന്നും ചരിത്രപുസ്തകങ്ങളുടെ ഏടുകളിൽ തിളങ്ങി നിൽക്കുന്നു. 1817ൽ സ്ഥാപിതമായ, കേരളത്തിലെ ആദ്യ കോളേജ്, സി എം എസ് കോളേജ് നാടിന്റെ അറിവിന്റെ ചക്രവാളങ്ങൾ വികസിപ്പിച്ചു. 1846 ലും 1847 ലും അച്ചടിച്ച് പ്രസിദ്ധീകരിച്ച ഇംഗ്ലീഷ്-മലയാളം നിഘണ്ടു, മലയാളം-ഇംഗ്ലീഷ് നിഘണ്ടു എന്നിവ നമ്മുടെ ഭാഷയുടെ അടിയാധാരം ചമയ്ക്കുന്നതിൽ വഹിച്ച പങ്ക് എടുത്തു പറയേണ്ടതാണ്. ആധുനിക കേരളത്തിനു വിത്തുപാകിയ മലയാളി മെമ്മോറിയലിന് തുടക്കം കുറിച്ചതും കോട്ടയത്തിന്റെ മണ്ണിൽ നിന്നാണ്.

മലയാള മാധ്യമപ്പഴമയിൽ കോട്ടയത്തിന് പ്രധാന സ്ഥാനമുണ്ട്. മലയാളത്തിലെ ആദ്യ ദിനപത്രം ദീപിക (1887), കോട്ടയത്തു നിന്നായിരുന്നു. കണ്ടത്തിൽ വർഗ്ഗീസ് മാപ്പിള തുടങ്ങിയ മലയാള മനോരമയും (1888) ഭാഷാപോഷിണിയും (1892) മലയാള സാഹിത്യ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ചു. വി.ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ അച്ചടിയിലും വിദ്യാഭ്യാസ രംഗത്തും നടത്തിയ സംഭാവനകൾ ശ്രദ്ധേയമാണ്. ഡൊമിനിക് ചാക്കോ കിഴക്കേമുറിയുടെ പ്രസാധക സ്ഥാപനം ഡി സി ബുക്സ്, കേരളീയരുടെ വായനാശീലത്തെ ഊർജ്ജിതമാക്കി.

എഴുത്തിനും വായനയ്ക്കും വേണ്ടി ഒരു സഹകരണ സംഘമെന്ന ആശയം രൂപപ്പെട്ടുവന്നതും നടപ്പാക്കിയതും കോട്ടയത്താണ്. ഒരു വശത്ത് നാണ്യവിളകൾ കൊണ്ട് രാഷ്ട്രത്തെ സമ്പന്നമാക്കിയപ്പോൾ മറുവശത്ത് അക്ഷരങ്ങളിലൂടെ അറിവൂട്ടി നാട്ടുകാരെ പ്രബുദ്ധരാക്കാനും കോട്ടയം മറന്നില്ല. കൊട്ടാരത്തിൽ ശങ്കുണ്ണി, എം പി പോൾ, കാരൂർ, ബഷീർ, പൊൻകുന്നം വർക്കി, മുട്ടത്തുവർക്കി തുടങ്ങിയവരുടെ എഴുത്തു പാരമ്പര്യം സക്കറിയ, എസ് ജോസഫ്, എം ആർ രേണുകുമാർ, അയ്മനം ജോൺ, എസ് ഹരീഷ് തുടങ്ങിയവരിലൂടെ തുടരുന്നു. മനോരമ, മംഗളം, സഖി തുടങ്ങിയ ആഴ്ചപ്പതിപ്പുകളിലൂടെ ജനപ്രിയ വായനയെ വിപുലപ്പെടുത്തിയതും കോട്ടയം തന്നെ. ജനപ്രിയതയോട് സന്ധിചെയ്യാത്ത കലാമൂല്യദർശനങ്ങളും കച്ചവടത്തിൽ നിന്നും കലാമൂല്യത്തിലേയ്ക്ക് വികസിക്കുന്ന ജനപ്രിയ രചനകളും കോട്ടയത്തിന്റെ മുഖമുദ്രയാണ്. പൊൻകുന്നം വർക്കിയെയും മുട്ടത്തു വർക്കിയേയും ഒരേ ആർജ്ജവത്തോടെ നെഞ്ചേറ്റി ലാളിക്കാൻ ഈ ജനതയ്ക്ക് മടിയില്ല. കലയിൽ കച്ചവടത്തെയും കച്ചവടത്തിൽ കലയെയും സമ്മേളിപ്പിക്കുന്നതിൽ കോട്ടയംകാർക്കുള്ള വൈഭവം മറ്റൊരു ജനതയ്ക്കുമില്ലെന്നു തന്നെ പറയാം. വെട്ടം മാണി, മന്നത്ത് പത്മനാഭൻ, അരവിന്ദൻ, എൻ എൻ പിള്ള, സി എൽ ജോസ്, വേളൂർ കൃഷ്ണൻ കുട്ടി, തിലകൻ, കുമരകം രാജപ്പൻ, വിഡി രാജപ്പൻ, കോട്ടയം പുഷ്പനാഥ്, ബാറ്റൺ ബോസ്, മാത്യു മറ്റം, ഭവാനി ചെല്ലപ്പൻ, കോട്ടയം ജോയി, ഇ സി ജി സുദർശൻ, കെ ആർ നാരായണൻ, ഡെന്നീസ് ജോസഫ്, ജോസ് പ്രകാശ്, അക്കാമ്മ ചെറിയാൻ, പി.റ്റി ചാക്കോ, കെ എം മാണി, ഉമ്മൻ ചാണ്ടി, ആർട്ടിസ്റ്റ് സുജാതൻ, ദയാഭായ്, മമ്മൂട്ടി, ജയരാജ്, അരുന്ധതി റോയ് ഇങ്ങനെ നീളുന്ന, വിവിധ മേഖലകളിൽ പ്രതിഭകളായിരുന്ന പ്രശസ്തർ കോട്ടയത്തെയും ഇവിടുത്തെ ജനസാമാന്യത്തിന്റെ പൊതുബോധത്തെയും അടയാള പ്പെടുത്തുന്നുണ്ട്.

## സമരമലയാളത്തിന്റെ 13 വർഷങ്ങൾ

(ഒന്നാം പേജിൽനിന്നും തുടർച്ച)

പഠനനിയമത്തെ അട്ടിമറിക്കുന്നതിൽ കൂട്ടുനിൽക്കുകയും ചെയ്തു. ഫലത്തിൽ ഈ നിയമവും പാതിവെന്ത സ്ഥിതിയിലായി.

**നീറ്റിലെഴുതാൻ മലയാളം**

ദേശീയതലത്തിലുള്ള നീറ്റ് പ്രവേശന പരീക്ഷയിൽ മറ്റ് ഇന്ത്യൻ ഭാഷകൾ ഇടംപിടിച്ചപ്പോൾ മലയാളത്തിനും അവസരമനുവദിക്കണമെന്നാവശ്യപ്പെട്ട് ഐക്യമലയാള പ്രസ്ഥാനം കേരളത്തിലും ഡൽഹിയിലും അപേക്ഷകളും അന്വേഷണങ്ങളുമായി നിരന്തരം യാത്ര ചെയ്തു. സംസ്ഥാനസർക്കാർ ഹയർസെക്കൻഡറി ശാസ്ത്ര പാഠപുസ്തകങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ടെങ്കിൽ ചോദ്യങ്ങൾ ലഭിക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചു. എസ്സിഇആർടിയുടെ നേതൃത്വത്തിൽ ഹയർസെക്കൻഡറി വിദ്യാർത്ഥികൾക്കുള്ള ശാസ്ത്രപാഠപുസ്തകങ്ങൾ മലയാളത്തിൽ ലഭ്യമാക്കാൻ വേണ്ടി കേരളത്തിലെ ഹയർസെക്കൻഡറി വിദ്യാർത്ഥികൾ 50 പൈസയുടെ പോസ്റ്റ്കാർഡുകളിൽ എസ്സിഇആർടിക്ക് കത്തയച്ചു. മലയാളം മാധ്യമമായി പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുടെ കാലങ്ങളായുള്ള ആവശ്യത്തിന് ഇതോടെ അംഗീകാരം നൽകാൻ വിദ്യാഭ്യാസ വകുപ്പ് തയ്യാറെടുത്തു. തുടർന്ന് വിവർത്തന ശിൽപശാലയും പ്രസിദ്ധീകരണത്തിനു പാകത്തിൽ പാഠപുസ്തകങ്ങളാക്കിയെടുക്കുകയും ചെയ്തു. അച്ചടി കഴിഞ്ഞ് കുട്ടികളുടെ കൈയിലെത്തിയിട്ടില്ല.

**തൊഴിൽപ്രവേശനപരീക്ഷകളിൽ മലയാളത്തിളക്കം**

യുപിഎസ്സിയടക്കം മാതൃഭാഷാമാധ്യമത്തിൽ ചോദ്യങ്ങൾ നൽകുമ്പോൾ കേരളത്തിൽ പിഎസ്സി അതുവരെ നൽകിയ മലയാളം വിഷയമായ ചോദ്യങ്ങൾ കൂടി ഒഴിവാക്കുന്ന നടപടി തുടരുന്ന കാലമായിരുന്നു. കെഎഎസ് പരീക്ഷ ആദ്യമായി നടക്കുന്ന 2019ൽ മലയാളത്തിൽ ചോദ്യങ്ങളുണ്ടാവില്ലെന്നറിഞ്ഞതോടെ ഐക്യമലയാള പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 19 ദിവസം നീണ്ടുനിന്ന നിരാഹാരസമരത്തിന് എൻ.പി. പ്രിയേഷും രൂപിമയും തുടക്കമിട്ടു. കേരളത്തിനകത്തും പുറത്തുമായി തിരുവോണ ദിവസം സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പട്ടിണി സമരം നടത്തി. ബഹുജന പുരോഗമന, തൊഴിലാളി പ്രസ്ഥാനങ്ങളും എഴുത്തുകാരും കലാകാരന്മാരും വിദ്യാർത്ഥികളും ഉദ്യോഗാർത്ഥികളുമെല്ലാം കേരളത്തിൽ സജീവമായി അണിനിരന്നു. മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ചു ചേർത്ത യോഗത്തിൽ പിഎസ്സി ബിരുദതലം വരെയുള്ള പരീക്ഷകളിൽ മലയാളത്തിലും ചോദ്യങ്ങൾ നൽകാൻ തീരുമാനിച്ചത് തൊഴിൽപ്രവേശന പരീക്ഷകളിൽ വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കി.

പലകാലങ്ങളിലായി വെട്ടിമാറ്റിക്കൊണ്ടിരുന്ന മലയാളചോദ്യങ്ങൾ നിശ്ചിത അനുപാതത്തിൽ വീണ്ടും തൊഴിൽപ്രവേശന പരീക്ഷകളിൽ തിരിച്ചെത്തി. പരീക്ഷകൾക്കടക്കം മലയാളം ചോദ്യങ്ങളുണ്ടാവില്ലെന്നും അതുകൊണ്ടുതന്നെ മലയാളം പഠിക്കേണ്ടതില്ലെന്നുമുള്ള പ്രചരണങ്ങൾ പതിയെ താഴാൻ തുടങ്ങിയത് ഭാഷാപ്രവർത്തകരുടെ നിരന്തര സമരസാന്നിധ്യം കൊണ്ടാണ്.

**യുപി മലയാളം തിരിച്ചെത്തി**

2020ൽ കൊവിഡ് കാലത്ത് ലോകം അടച്ചിരുന്നപ്പോൾ പുതിയ സാങ്കേതിക വിദ്യ (സമൂഹമാധ്യമ യോഗങ്ങൾ) മലയാളത്തിനായുപയോഗിച്ച് ഓൺലൈൻ മാധ്യമങ്ങൾ വഴി മുഖ്യമന്ത്രിക്ക് ഭീമഹർജി നൽകി. പ്രൈമറി അധ്യാപകരെ തിരഞ്ഞെടുക്കുന്ന പിഎസ്സി പരീക്ഷാ ചോദ്യങ്ങളിൽ നിന്ന് മലയാളത്തിനെ ഒഴിവാക്കിയ നടപടി പിൻവലിക്കണമെന്നും മലയാളം വിഷയമായ ചോദ്യങ്ങൾ ഉൾപ്പെടുത്തണമെന്നുമായിരുന്നു ആവശ്യം. കൊവിഡ് നിയന്ത്രണ വിധേയമാകുന്നതിനൊപ്പം ഐക്യമലയാളപ്രസ്ഥാനം ഉന്നയിച്ച വിഷയം സർക്കാർ അംഗീകരിച്ച് ഭാഷയുടെ കൂടെ നിൽക്കുകയും ചെയ്ത ചരിത്രകാലം കൂടിയാണ്.

**കോടതി ഉത്തരവുകൾ മലയാളത്തിൽ**

1987 ൽ കേരളത്തിലെ കോടതി നടപടികൾ മലയാളമാക്കാനുള്ള ജസ്റ്റിസ് കെ.കെ. നരേന്ദ്രൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കണമെന്നാവശ്യപ്പെട്ട് നിരവധി ഹർജികളും പ്രചരണങ്ങളുമാണ് കേരളത്തിൽ നടന്നിട്ടുള്ളത്. 2011 ഒക്ടോബർ 24ന് ഐക്യമലയാളപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്ന ഭീമഹർജിയിലേക്ക് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ ആദ്യ ഒപ്പ് രേഖപ്പെടുത്തി. ഡോ.പുതുശ്ശേരി രാമചന്ദ്രന്റെ നേതൃത്വത്തിൽ നടന്ന വ്യാപക പ്രചരണത്തിൽ കേരളത്തിലെ എല്ലാവിഭാഗം ജനങ്ങളും ആവേശത്തോടെ പങ്കെടുത്തു. തുടർന്ന് ഓരോ സമ്മേളനകാലത്തും ഈ വിഷയം പ്രധാനമായി തന്നെ ഉന്നയിക്കാനായി. 2022 ജൂലൈ മാസത്തിൽ കേരളസർക്കാർ ഹൈക്കോടതിക്ക് മലയാളത്തിലും ഉത്തരവുകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടത് അംഗീകരിക്കപ്പെട്ടു. നിയമപഠനത്തിന് മലയാളത്തിൽ ചോദ്യങ്ങൾ നൽകണമെന്ന വിദ്യാർത്ഥികളുടെ ആവശ്യം ബാക്കി നിൽക്കുകയാണ്.

## മാതൃഭാഷയുടെ രാഷ്ട്രീയം

(ഒന്നാം പേജിൽനിന്നും തുടർച്ച)

മുന്നിൽ കണ്ടാണ് ഭരണഭാഷ മലയാളമാകേണ്ടതിനെക്കുറിച്ച് നാം ആലോചിച്ചു തുടങ്ങിയത്. പലതരം നിയമ ഇടപെടലുകൾക്കൊടുവിലാണ് 2017ൽ ഭരണഭാഷ മലയാളമെന്ന അസന്ദിഗ്ധമായ ഉത്തരവ് വരുന്നത്. എന്നിരിക്കുമ്പോഴും, ഭരണഭാഷ മലയാളമാക്കുന്നതിന്റെ പ്രായോഗിക പദ്ധതിയിൽ സമഗ്രമായൊരു ഭാഷാനയം രൂപപ്പെടേണ്ടതുണ്ട്. ഭരണഭാഷ-മാതൃഭാഷ എന്നത് ഭരണസംവിധാനങ്ങൾക്കുള്ളിൽ വച്ചുമാത്രമാലോചിക്കേണ്ട ഒരു പദ്ധതിയല്ല. മറിച്ച്, ഭാഷയുടെ ഇതര വ്യവഹാരങ്ങളിൽ കൂടി വ്യാപിച്ചു നിൽക്കുന്ന ഒന്നാണത്. ഭരണഭാഷ നയത്തിന്റെ തുടർച്ചയായാണ് വിദ്യാഭ്യാസത്തിന്റെയും തൊഴിൽ പരീക്ഷകളുടെയും മാധ്യമം മാതൃഭാഷയാകുന്ന പ്രവർത്തനത്തെ കാണേണ്ടത്. ഭരണമേഖലയിൽ ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നതിൽ ജനങ്ങളുടെ ഭാഷകൂടി കടന്നുവരുമ്പോൾ മാത്രമാണ് അടിസ്ഥാന ജനവിഭാഗങ്ങൾക്ക് ദൈനംദിനഭരണത്തിൽ പങ്കാളിയാവാൻ അവസരമുണ്ടാകുക. അടിസ്ഥാന വിഭാഗങ്ങളെ നൂറ്റാണ്ടുകൾ നീണ്ടുനിന്ന ജാതിവ്യവസ്ഥ ഉയർന്നതരം ജോലികളിൽ നിന്ന് അകറ്റിനിർത്തുകയായിരുന്നു. അതിന്റെ തുടർച്ചയെന്നോണം കൊളോണിയൽ ഭരണം തദ്ദേശീയരെ അധികാരപരിധിയിൽ നിന്ന് മാറ്റി നിർത്തുകയും ചെയ്തു. ഒരു ജനത നീണ്ട കാലത്തെ സമരഫലമായാണ് തൊഴിലെടുക്കാനുള്ള, തൊഴിലെന്ന അടിസ്ഥാന വിഭവം കൈയ്യാളാനുള്ള അവകാശവും അധികാരവും നേടിയെടുക്കുന്നത്. നീണ്ട പോരാട്ടങ്ങൾക്കൊടുവിലും വിഭവവിനിമയത്തിൽ പങ്കുകാരാവാതെ പോകുന്ന വലിയൊരു വിഭാഗം ജനതയെ സൃഷ്ടിക്കുന്നതാവരുത് നമ്മുടെ ഭാഷാനയം. പ്രായോഗികതലത്തിൽ ജനങ്ങളുടെ ഭാഷയിൽ ഭരണം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥ സംവിധാനമുണ്ടാകണമെങ്കിൽ അതിന് വിദ്യാഭ്യാസത്തിന്റെ മാധ്യമവും ഭരണഭാഷയും ഒന്നായിരിക്കേണ്ടതുണ്ട്. ഇങ്ങനെ വിദ്യാഭ്യാസ മാധ്യമവും തൊഴിൽ പരീക്ഷാമാധ്യമവും നിയമനിർവ്വഹണത്തിന്റെ ഭാഷയും ഭരണഭാഷയും ഒന്നായിരിക്കുന്ന സമൂഹത്തിൽ നീതിനിർവ്വഹണത്തിന്റെയും ജനാധിപത്യത്തിന്റെയും വിഭവവിനിമയത്തിന്റെയും സാധ്യതകൾ കൂടുതൽ സുതാര്യമായിരിക്കുമെന്നും വരുന്നു. അതുകൊണ്ടുതന്നെ ഈ പാരസ്പര്യത്തിന്റെ വിശകലനം നയരൂപീകരണത്തിൽ സുപ്രധാനമാണ്.

അണ്ടനെയും അടകോടനെയും ഭരണവ്യവസ്ഥയുടെ ഭാഗമായി നിലനിർത്തുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന സംവിധാനമായി വികസിക്കണമെങ്കിൽ അടിസ്ഥാനപരമായി വിദ്യാഭ്യാസത്തിന്റെയും തൊഴിലിന്റെയും നിയമവ്യവസ്ഥയുടെയും ഘടകങ്ങളിൽ മാതൃഭാഷയുടെ പ്രസക്തി ഉറപ്പിച്ചേ മതിയാവൂ. സ്വതന്ത്ര ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിന്റെ അടിസ്ഥാനപ്രമാണം അതതു നാട്ടുഭാഷകളിൽ തന്നെയുള്ള ഭരണക്രമം എന്നതായിരുന്നു. അടിസ്ഥാനപരമായി എല്ലാ ജനവിഭാഗങ്ങളെയും അവരവരുടെ സാംസ്കാരിക സവിശേഷതകളോടെ ഉൾക്കൊള്ളുകയെന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. വൈവിധ്യങ്ങളെ അംഗീകരിക്കാനും പങ്കുകൊള്ളാനും സാധ്യമാകുന്ന ജനാധിപത്യ റിപ്പബ്ലിക്കായി ഇന്ത്യ നിലനില്ക്കേണ്ടതുണ്ട്. അതിന് മാതൃഭാഷയുടെ അവകാശങ്ങളും അധികാരവും സംരക്ഷിക്കപ്പെടേണ്ടതുണ്ട്.

# വിദ്യാർത്ഥി മലയാളവേദി: സംഘടന, സമരം, ചരിത്രം

**അഭിരാമി എസ്. ആർ.**

'ഭരണം, കോടതി, വിദ്യാഭ്യാസം മാതൃഭാഷയിൽ' എന്നതാണല്ലോ മലയാള ഐക്യവേദി എക്കാലവും ഉയർത്തിപ്പിടിക്കുന്ന ഏറ്റവും സുപ്രധാനമായ മുദ്രാവാക്യം. ഇതിൽ വിദ്യാഭ്യാസത്തെ മുൻനിർത്തിയുള്ള ഗൗരവപരമായ ആലോചനകൾക്കും ഗവേഷണങ്ങൾക്കും സമരപരിപാടികൾക്കും ചുക്കാൻ പിടിക്കുന്ന മലയാള ഐക്യവേദിയുടെ വിദ്യാർത്ഥി പ്രസ്ഥാനമാണ് വിദ്യാർത്ഥി മലയാളവേദി. വിദ്യാർത്ഥികളുടെ ഭാഷാവകാശങ്ങൾക്കു വേണ്ടി പോരാടുന്ന ഒരു സമരസംഘടന എന്നതിലുപരി വൈജ്ഞാനിക രംഗത്തും ഗവേഷണമേഖലയിലും കാര്യമായ ഇടപെടലുകൾ നടത്തുന്ന, അതുകൂടി മുഖ്യനയമാക്കിയിരിക്കുന്ന ഒരു വിദ്യാർത്ഥി പ്രസ്ഥാനം കൂടിയാണിത്. ഇക്കാലയളവിനകം വിദ്യാർത്ഥി മലയാളവേദി ഇടപെട്ടിട്ടുള്ള മേഖലകളുടെ വൈവിധ്യം തന്നെ ഇതിനു തെളിവ്.

2010ലെ ബിരുദപുന:സംഘടനയിൽ മലയാളം ഒഴിവാക്കപ്പെട്ടതിനെത്തുടർന്നുണ്ടായ പ്രക്ഷോഭങ്ങളുടെ ഭാഗമായാണ് മലയാള ഐക്യവേദിയുടെ കീഴിൽ വിദ്യാർത്ഥികൾ ആദ്യമായി സംഘടിക്കുന്നതും കോഴിക്കോട് പുറമേരി സ്കൂളിൽ നിന്നുള്ള വിദ്യാർത്ഥികൾ ഐക്യവേദി പ്രവർത്തകരോടൊപ്പം പത്രസമ്മേളനത്തിൽ പങ്കെടുത്തു സംസാരിക്കുന്നതും. ഹൈസ്കൂൾ തലം വരെ മലയാളം പഠിച്ച വിദ്യാർത്ഥികൾക്ക് ഹയർസെക്കൻഡറി തലത്തിൽ മലയാളം ഒരു വിഷയമായി പഠിക്കുവാനുള്ള അവസരത്തെ സ്കൂൾ അധികൃതർ തന്നെ നിഷേധിച്ച സംഭവങ്ങൾ പുറമേരി സ്കൂളിന് പുറമേ മലബാറിലെ പല സ്കൂളുകളിൽ നിന്നും ഉയർന്നു വന്നിരുന്നു. ഇതിനെതിരേ വിദ്യാർത്ഥികൾ സംഘടിച്ച് കൂട്ട ഒപ്പുശേഖരണം നടത്തി അന്നത്തെ വിദ്യാഭ്യാസമന്ത്രിക്ക് ഒരു നിവേദനം സമർപ്പിച്ചു. ഭാഷാവകാശപ്രശ്നവുമായി ബന്ധപ്പെട്ട ഒരു വിഷയത്തിൽ വിദ്യാർത്ഥികൾ സംഘടിച്ചു പ്രവർത്തിക്കുന്ന, മലയാള ഐക്യവേദിയുടെ സാമൂഹിക സാംസ്കാരിക ഇടപെടലുകളിൽ വിദ്യാർത്ഥികൾ കൂടി കടന്നുവരുന്ന, അവർ പങ്കാളികളാകുന്ന ചരിത്രപരമായ ഒരു മുഹൂർത്തം കൂടിയായിരുന്നു ഇത്. ഇത്തരത്തിൽ ഭാഷാരാഷ്ട്രീയത്തിന്റെ വിഷയത്തിൽ വിദ്യാർത്ഥികൾക്ക് വിപുലമായി ഇടപെടുവാനും സംവാദം നടത്തുവാനും അവകാശങ്ങൾക്കായി സംഘടിക്കുവാനും സമരം ചെയ്യുവാനുമായി ഒരു ഇടമൊരുക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞുകൊണ്ടാണ് കടത്തനാട് രാജാസ് ഹൈസ്കൂളിലെ ഒരു പറ്റം വിദ്യാർത്ഥികൾ മുൻകൈയെടുത്തുകൊണ്ട് 2010 സെപ്റ്റംബർ 26ന് വിദ്യാർത്ഥി മലയാളവേദി സംഘടനാതലത്തിൽ ആദ്യമായി രൂപീകരിക്കുന്നത്. ആദ്യം മലയാള വിദ്യാർത്ഥിവേദിയായിരുന്ന സംഘടന അതിന്റെ നയപരമായ പുതുക്കലിന്റെ അടിസ്ഥാനത്തിൽ മലയാളം പഠിക്കുന്ന വിദ്യാർഥികളുടേത് മാത്രമല്ല, ഭാഷാ സ്നേഹികളായ എല്ലാ വിദ്യാർത്ഥികളുടേതുമായിക്കൊണ്ട് കറുകുറ്റിയിൽ നടന്ന സമ്മേളനത്തിൽ വച്ച് വിദ്യാർത്ഥി മലയാളവേദിയായി നാമകരണം ചെയ്യപ്പെടുന്നത്. സംഘടനാരൂപീകരണത്തിന്റെ തൊട്ടടുത്ത മാസങ്ങളിൽ, നവംബറിലും ഡിസംബറിലുമായി 'മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുക' എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് വിദ്യാർത്ഥി മലയാളവേദി പ്രവർത്തകർ സെക്രട്ടേറിയറ്റ് പടിക്കൽ നിരാഹാരസമരം നടത്തിയിരുന്നു. പിന്നീട് ഇതിന് തുടർച്ചയെന്നവണ്ണം 2011 ഫെബ്രുവരി 15ന് വിപുലമായ ഉപവാസസമരം നടത്തി. ഹയർസെക്കണ്ടറി തലത്തിൽ എല്ലാ സ്കൂളുകളിലും മലയാളം ഒരു വിഷയമായി പഠിക്കുവാനുള്ള അവസരമൊരുക്കുക, മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കുക, പൊതുവിദ്യാലയങ്ങളിലെ പ്ലസ്ടു ക്ലാസുകളിലേക്ക് സി.ബി.എസ്.ഇ കുട്ടികൾക്ക് പ്രവേശനം നൽകാതിരിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് വിദ്യാർത്ഥികൾ നടത്തിയ സമരം അന്ന് ഉദ്ഘാടനം ചെയ്ത് സംസാരിച്ചത് ശ്രീ. വി.എസ് അച്യുതാനന്ദനും വിദ്യാർത്ഥികൾക്ക് അഭിവാദ്യങ്ങളർപ്പിച്ച് സംസാരിച്ചത് സാക്ഷാൽ ശ്രീ. ഒ.എൻ.വി കുറുപ്പുമായിരുന്നു. രാഷ്ട്രീയ സാംസ്കാരിക നായകന്മാർ വിദ്യാർത്ഥികളോടൊന്നിച്ചു നിന്ന് സമരം ചെയ്യുന്ന, ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ഈ തലത്തിലേക്കുള്ള വിദ്യാർത്ഥിവേദിയുടെ വളർച്ച നിരന്തരമായ സമരങ്ങളിലൂടെയും സംവാദങ്ങളിലൂടെയും നേടിയെടുത്തതു തന്നെയാണ്. 2012-2013 കാലയളവിൽ കോഴിക്കോട് മലാപ്പറമ്പ് സ്കൂൾ ഭൂമാഫിയ പൊളിച്ചുമാറ്റിയതിനെതിരെയും വിദ്യാർത്ഥി മലയാളവേദി സമരം ചെയ്തിരുന്നു. 'പൊതുവിദ്യാലയങ്ങൾ വീണ്ടെടുക്കുക' എന്ന മുദ്രാവാക്യമുയർത്തി അന്ന് തുടർച്ചയായി നടത്തിയ സമരങ്ങൾ മാതൃഭാഷാ വിദ്യാഭ്യാസത്തോടൊപ്പം പൊതുവിദ്യാഭ്യാസത്തെ സംബന്ധിച്ചും വിദ്യാർത്ഥിവേദിയ്ക്കുള്ള നയപരമായ തെളിച്ചത്തിന്റെ തെളിവാണ്. പി. പവിത്രന്റെ 'മാതൃഭാഷയ്ക്കു വേണ്ടിയുള്ള സമരം' എന്ന ഗ്രന്ഥത്തിന്റെ പ്രചരണത്തിലും വിദ്യാർത്ഥിവേദി മുഖ്യകാർമികത്വം ഏറ്റെടുത്തിരുന്നു. ക്യാംപസുകൾ തോറും ഈ പുസ്തകത്തിന്റെ ചർച്ച നടത്തുവാനും വേദി മുൻകൈയെടുത്തു. ഒപ്പം മലയാളസർവകലാശാലയുടെ സങ്കൽപ്പനരൂപീകരണത്തിലും ഇതിനെച്ചൊല്ലി ഐക്യവേദി സമർപ്പിച്ച നയരേഖയുടെ തയാറാക്കലിലും വിദ്യാർത്ഥിവേദിയുടെ പങ്കാളിത്തമുണ്ടായിട്ടുണ്ട്. പി.എസ്.സി പരീക്ഷ മലയാളത്തിലാക്കുക, കെ.എ.എസ് ചോദ്യപേപ്പർ മലയാളത്തിൽ കൂടി നൽകുക, നീറ്റ് പരീക്ഷ മലയാളത്തിലാക്കുക, ഹയർസെക്കണ്ടറി പാഠപുസ്തകങ്ങൾ മലയാളത്തിൽ കൂടി അച്ചടിച്ചു വിതരണം ചെയ്യുക, എന്നുതുടങ്ങി വിദ്യാർത്ഥി മലയാളവേദി ഇടപെട്ടിട്ടുള്ള വിഷയങ്ങൾ നിരവധിയാണ്. പക്ഷേ ഒരു സമരസംഘടന എന്നതിലുപരി വൈജ്ഞാനിക രംഗത്തും നിരവധി പ്രവർത്തനങ്ങൾ വിദ്യാർത്ഥിവേദി നടത്തിവരുന്നുണ്ട്. കാലിക്കറ്റ് സർവകലാശാല കേന്ദ്രീകരിച്ചുള്ള പ്രബന്ധാവതരണങ്ങളാണ് ഇതിൽ പ്രധാനം. വിജ്ഞാനം മലയാളത്തിൽ എന്ന ആശയത്തെ പ്രാവർത്തികമാക്കുന്ന തരത്തിൽ വിവിധ മാനവിക ശാസ്ത്ര വിഷയങ്ങളിൽ നടത്തപ്പെടുന്ന ഗവേഷണങ്ങളെ പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന വിധത്തിൽ മലയാളത്തിൽ അവതരിപ്പിക്കുന്ന പ്രബന്ധാവതരണ പരമ്പരയാണിത്. ഇംഗ്ലീഷിൽ എഴുതപ്പെട്ട പ്രബന്ധങ്ങൾ സർവകലാശാലാ കെട്ടിടങ്ങളിൽ കെട്ടിക്കിടക്കാതെ പൊതുവിടത്തിലേക്ക് വിനിമയം ചെയ്യുന്നതിൽ, വിജ്ഞാന സമൂഹത്തെ നിർമ്മിക്കുന്നതിൽ ഈ ഇടപെടലുകൾ നടത്തുന്ന പങ്ക് എത്രത്തോളം സുപ്രധാനമാണെന്ന് എടുത്തു പറയേണ്ടതില്ലല്ലോ! വരും വർഷങ്ങളിൽ വിദ്യാർത്ഥി മലയാളവേദിയുടെ ഭാഗത്തു നിന്നും ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ പ്രതീക്ഷിക്കാം. സമരം തുടരുന്നു.

# മലയാളം; അതിജീവനഗാഥയുടെ ഒന്നരപ്പതിറ്റാണ്ട്

**ഷിജു ആർ.**

ഒരു സമൂഹമെന്ന നിലയിൽ മലയാളികളും മാതൃഭാഷ എന്ന നിലയിൽ മലയാളവും അതിജീവിച്ചതിന്റെ ചരിത്രമാണ് മലയാള ഐക്യവേദി എന്ന സംഘടനയുടെ ആത്മകഥ.

ഭാഷ എന്നത് കേവലം ആശയവിനിമയ ഉപാധിയാണ് എന്ന യാന്ത്രിക സമീപനത്തിലൂന്നിയുള്ള പരിഷ്ക്കാരങ്ങൾ നിരന്തരമായി കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ രൂപപ്പെട്ടു. ഇതാണ് മലയാള ഭാഷാപഠനപ്രതിസന്ധിയെ സംബന്ധിച്ച ഗൗരവമായ ആലോചനകൾക്കും അന്വേഷണങ്ങൾക്കും പ്രേരണയായത്. വിവിധ പ്രദേശങ്ങളിൽ രൂപീകരിക്കപ്പെട്ട മലയാള വേദികൾക്ക് ഒന്നിച്ചൊരു വേദി ഉണ്ടാവണമെന്നും അതേസമയം തന്നെ അത് ജനാധിപത്യപരവും അയഞ്ഞതുമായ ഒരു സംഘടനാസ്വഭാവമാണ് കൈക്കൊള്ളേണ്ടതെന്നുമായിരുന്നു പൊതുവെ ഉയർന്ന വികാരം. ഈ പശ്ചാത്തലത്തിലാണ് വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന വേദികളുടെ ഐക്യവേദി എന്ന നിലയിൽ മലയാള ഐക്യവേദിയുടെ പിറവി. 2009 നവംബർ മാസം കോഴിക്കോട് ജില്ലയിലെ വടകരയിൽ ചേർന്ന വിപുലമായ സമ്മേളനത്തിൽ വച്ചാണ് ഔപചാരികമായി മലയാള ഐക്യവേദി എന്ന പേര് സ്വീകരിക്കുന്നതെങ്കിലും അതിനു മുൻപ് തന്നെ ചെറുസംഘങ്ങളായി പ്രവർത്തനം തുടങ്ങിയിരുന്നു എന്ന് സാരം. അവിടെ നടന്ന ചർച്ചകൾ മലയാളം നേരിടുന്ന പ്രതിസന്ധി കേവലം വിദ്യാഭ്യാസരംഗത്ത് മാത്രം നിൽക്കുന്നതല്ല, ഭരണം നീതിന്യായം വികസന പ്രവർത്തനങ്ങൾ മാധ്യമരംഗം തുടങ്ങി ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളെയും സ്പർശിക്കുന്നതാണെന്ന് വിലയിരുത്തപ്പെടുകയുണ്ടായി.

മനുഷ്യസംസ്കാരങ്ങളും സമൂഹങ്ങളും ഇടപഴകുന്നതിനെയും ഒരു ബഹുഭാഷാ സംസ്കാരം രൂപപ്പെടുന്നതിനെയും ഐക്യവേദി സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. ഒരുതരത്തിലുള്ള മണ്ണിന്റെ മക്കൾ വാദവുമായോ ഭാഷാശുദ്ധിവാദവുമായോ ഭാഷാമൗലിക വാദവുമായോ മലയാള ഐക്യവേദിക്ക് ബന്ധമൊന്നുമില്ല.

ശാസ്ത്രമുൾപ്പെടെയുള്ള വിഷയങ്ങൾ മാതൃഭാഷയിൽ പഠിക്കുന്നതിന്റെ പ്രാധാന്യം ലോകമെമ്പാടുമുള്ള വിദ്യാഭ്യാസചിന്തകരും മന:ശാസ്ത്രജ്ഞരും ഊന്നിപ്പറയുന്ന കാര്യമാണ്. എന്നാൽ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നിന്നും മലയാള മാധ്യമ ഡിവിഷനുകൾ പതുക്കെ ഇല്ലാതാവുകയാണ്. മലയാളം ഒരു വിഷയമായിപ്പോലും പഠിക്കാതെ ഒരാൾക്ക് കേരളത്തിൽ അടിസ്ഥാന വിദ്യാഭ്യാസം പൂർത്തീകരിക്കാൻ സാധിക്കുമെന്നതായിരുന്നു ലജ്ജാകരമായ സ്ഥിതി. ഈ വിഷയം കേരളത്തിന്റെ പൊതുശ്രദ്ധയിലേക്ക് കൊണ്ടുവന്നത് നമ്മളാണ്. പതിറ്റാണ്ടുകളായി മലയാളത്തിന്റെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഇതരപ്രസ്ഥാനങ്ങളോട് ചേർന്ന് ഐക്യമലയാള പ്രസ്ഥാനം എന്ന ഒരു സ്വതന്ത്ര സമരമുന്നണി രൂപീകരിച്ച് നിരന്തരമായ പ്രക്ഷോഭങ്ങൾ നടത്തുകയും ഒടുവിൽ പ്രശസ്ത എഴുത്തുകാരൻ കെ. പി. രാമനുണ്ണി അനിശ്ചിത നിരാഹാരമനുഷ്ഠിക്കുകയും ചെയ്തിട്ടാണ് കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും പത്താം ക്ലാസുവരെ നിർബന്ധമായും ഒന്നാം ഭാഷയായി മലയാളം പഠിപ്പിച്ചിരിക്കണമെന്ന സമഗ്ര മാതൃഭാഷ നിയമം പാസാക്കിയെടുക്കാൻ സാധിച്ചത്. പക്ഷേ ഇപ്പോഴും അത് പ്രായോഗികമായിട്ടില്ല. അത് അട്ടിമറിക്കപ്പെട്ട സാഹചര്യമാണ് നിലവിലുള്ളത്.

പി എസ് സി നടത്തുന്ന എല്ലാ തൊഴിൽ യോഗ്യത പരീക്ഷകളുടെയും ചോദ്യപേപ്പറുകൾ മലയാളത്തിൽ കൂടി നൽകണമെന്ന ആവശ്യം ഉന്നയിച്ചും കോടതി ഭാഷ മലയാളമാവണമെന്ന് ആവശ്യപ്പെട്ടും നിരവധി പ്രക്ഷോഭങ്ങളാണ് കഴിഞ്ഞ 14 വർഷങ്ങൾക്കിടയിൽ സംഘടിപ്പിച്ചത്.




അതിൽ എടുത്തു പറയേണ്ടതാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷ മലയാളത്തിൽ കൂടി നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംഘടിപ്പിച്ച അനിശ്ചിതകാല നിരാഹാര സമരം. അന്നത്തെ ഐക്യവേദി സംസ്ഥാന സെക്രട്ടറി പ്രിയേഷ് എൻ.പി.യും വിദ്യാർത്ഥിവേദി സെക്രട്ടറി രൂപിമയും ആരംഭിച്ച സമരത്തിന് കേരളീയ സമൂഹത്തിന്റെ അഭൂതപൂർവമായ പിന്തുണയാണ് ലഭിച്ചത്. ബിരുദം അടിസ്ഥാന യോഗ്യതയായ എല്ലാ പരീക്ഷകൾക്കും ചോദ്യപേപ്പർ മലയാളത്തിൽകൂടി ലഭിക്കുമെന്ന നേട്ടത്തിലാണ് ആ സമരം അവസാനിച്ചത്. ആ സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് തിരുവോണനാളിൽ ഉപവാസമനുഷ്ഠിച്ച ആയിരക്കണക്കിനു മനുഷ്യർ മലയാളിയുടെ ഭാഷാഭിമാനത്തിന്റെ അടയാളമായി മാറി.

ഒരു വശത്ത് വലിയ നേട്ടങ്ങൾ നേടിയെടുക്കുമ്പോൾ മറ്റൊരിടത്ത് സംഭവിക്കുന്ന പുറകോട്ടടികൾ കാണാതിരിക്കാനാവില്ല. കേരളത്തിലെ പ്രാഥമിക പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ ഡിഎൽഎഡ് കോഴ്സാണ് യോഗ്യത. മലയാള മാധ്യമ വിദ്യാലയങ്ങളാണ് അവയെന്നാണ് സങ്കല്പം. മാത്രമല്ല, ഒന്നുമുതൽ ഏഴാം തരം വരെയുള്ള കുട്ടികളെ മലയാളം പഠിപ്പിക്കേണ്ടതും ഡി എൽ എഡ് ബിരുദധാരികളാണ്. അപ്പോൾ അവർക്ക് നിർബന്ധമായും മലയാള പരിജ്ഞാനം കൂടിയേതീരൂ. അതുകൊണ്ടാണ് ഡി. എൽ എഡ് ചെയ്യുന്ന വിദ്യാർത്ഥികൾ പത്താം ക്ലാസ് വരെ നിർബന്ധമായും മലയാളം പഠിച്ചിരിക്കണമെന്ന് നിബന്ധന ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് ഡി എൽ എഡിനോ പ്രൈമറി സ്കൂളിൽ അധ്യാപകൻ ആവുന്നതിനോ മലയാളം ഒരു വിഷയമായി പഠിച്ചിരിക്കണമെന്ന നിബന്ധന നീക്കം ചെയ്തിരിക്കുന്നു. ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിക്കുന്ന ഈ തീരുമാനം അടിയന്തരമായി തിരുത്തപ്പെടേണ്ടതുണ്ട്. മാത്രമല്ല കഴിഞ്ഞ കുറെ തവണകളായി പ്രാഥമിക വിദ്യാലയങ്ങളിലെ അധ്യാപകരെ തിരഞ്ഞെടുക്കുന്നതിന് വേണ്ടി പി എസ് സി നടത്തുന്ന യോഗ്യത പരീക്ഷകളിൽ മലയാളം ഒരു വിഷയമാക്കി വെയിറ്റേജ് നൽകുന്നില്ല. ഇതിനെതിരെയും അതിശക്തമായ ഓൺലൈൻ ക്യാമ്പയിൻ ആണ് മലയാള ഐക്യവേദി സംഘടിപ്പിച്ചത്. കോടതി ഭാഷാ സംബന്ധിയായി ശ്രദ്ധേയമായ നിരവധി പ്രക്ഷോഭങ്ങളും പ്രചാരണ പ്രവർത്തനങ്ങളും നാം സംഘടിപ്പിച്ചെങ്കിലും തുടർച്ചയായി ഒരു തിരുത്തൽ ശക്തി എന്ന വിധത്തിൽ ആ മേഖലയിൽ ഇടപെടാൻ ഇനിയും നമുക്ക് സാധിച്ചിട്ടില്ല. അടിയന്തരശ്രദ്ധ പതിയേണ്ട ഒരു മേഖലയാണിത്. കോടിക്കണക്കിന് രൂപ ചെലവഴിച്ച് എസ്.സി.ഇ.ആർ.ടി. ഹയർസെക്കണ്ടറി പാഠപുസ്തകങ്ങൾ മലയാളീകരിച്ചു. എന്നാൽ അവ ഇതുവരെ അച്ചടിച്ച് പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. ആകെ ഒരു വിഷയം മാത്രമാണ് പ്രസിദ്ധീകരിച്ചത്. മറ്റെല്ലാ ഇന്ത്യൻ ഭാഷകളിലും നടക്കുന്ന നീറ്റ് പരീക്ഷ മലയാളത്തിൽ നടക്കാത്തത് ഹയർസെക്കണ്ടറിക്ക് മലയാളത്തിൽ പാഠപുസ്തകങ്ങൾ ഇല്ലാത്തതിനാലാണ്. ഐക്യവേദി നേരിട്ട് നടത്തിയതല്ലെങ്കിൽ കൂടി പ്ലസ് ടു പരീക്ഷയിലെ ഫോക്കസ് ഏരിയ വിവാദവുമായി ബന്ധപ്പെട്ട് അക്കാഡമിക് അഭിപ്രായം പറഞ്ഞതിന്റെ പേരിൽ ഐക്യവേദി സംസ്ഥാന സമിതി അംഗവും അധ്യാപകനുമായ പി പ്രേമചന്ദ്രനെതിരായ സർക്കാർ നടപടി നീക്കം അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ ഓൺലൈൻ പ്രതിരോധവും ഹയർസെക്കൻഡറി വാലുവേഷൻ ക്യാമ്പുകളിലെ ഉജ്ജ്വല പ്രതിരോധവും കേരളത്തിന്റെ അക്കാദമിക ചരിത്രത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ്.

ഏതാണ്ട് ഒന്നരപ്പതിറ്റാണ്ടാവാൻ പോകുന്ന ഈ പ്രവർത്തന വീഥിയിൽ ഒട്ടേറെ നേട്ടങ്ങൾ നേടാനും മലയാളത്തിന്റെ സർവ്വതോന്മുഖമായ അഭിവൃദ്ധിക്കും അതിജീവനത്തിനും കുറെയൊക്കെ കരുത്താവാൻ കഴിഞ്ഞു എന്നതുമാണ് ഓരോ ഐക്യവേദി പ്രവർത്തകരുടെയും ആത്മവിശ്വാസവും ആനന്ദവും.

# മലയാളം നമ്മുടെ മാതൃഭാഷയും ഭരണഭാഷയും

**കെ.പി. നൗഷാദ്**

ഭാഷാടിസ്ഥാനത്തിൽ കേരളം രൂപീകരിച്ചിട്ട് ആറ് പതിറ്റാണ്ടു കഴിഞ്ഞിട്ടും ഭരണരംഗത്തും, വിദ്യാഭ്യാസ രംഗത്തും, തൊഴിൽ രംഗത്തും പൂർണ്ണമായി മാതൃഭാഷയുപയോഗിക്കാൻ നാം സന്നദ്ധമായിട്ടില്ല. ഏറ്റവും പ്രധാനമായത് മാതൃഭാഷയോടുള്ള നമ്മുടെ സമീപനമാണ്. ഇംഗ്ലീഷിനോടുള്ള അമിതമായ വിധേയത്വവും സ്വന്തം സംസ്കാരത്തോടും പൈതൃകത്തോടുമുള്ള മതിപ്പില്ലായ്മയും മലയാളത്തെ അവഗണിക്കാൻ കാരണമാകുന്നു.

ഭരണഭാഷ ഇന്നും പൂർണ്ണമായി മലയാളത്തിലായിട്ടില്ല. അതുകൊണ്ട് സാധാരണ ജനങ്ങൾക്ക് അവരുടെയാവശ്യങ്ങളും അവകാശങ്ങളും സുതാര്യമായി കൈകാര്യം ചെയ്യാനും നേടിയെടുക്കാനും കഴിയുന്നില്ല. ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും തമ്മിലുള്ള അന്തരം ഇന്നും നിലനിൽക്കുന്നു. കേരളപ്പിറവിമുതൽ ഇതിനുവേണ്ടി സർക്കാർ തലത്തിലാവുന്നത്ര പരിശ്രമിക്കുന്നുണ്ടെങ്കിലും ഇന്നും വേണ്ടത്ര വിജയം കണ്ടെത്താനായിട്ടില്ല. കോടതി ഭാഷയും ഇന്നും നമ്മുടെ നാട്ടിൽ മലയാളത്തിലാക്കിയിട്ടില്ല.

1957ലെ ഇ എം എസ് മന്ത്രിസഭയുടെ കാലത്ത് കോമാട്ടിൽ അച്യുതമേനോൻ അധ്യക്ഷനായൊരു കമ്മറ്റിയെ ഭരണഭാഷാമാറ്റത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചു. 1958 ആഗസ്റ്റ് 16ന് സമർപ്പിച്ച കമ്മറ്റി റിപ്പോർട്ടിൽ ക്രിയാത്മകമായ നിർദ്ദേശങ്ങളുണ്ടായിരുന്നു. തുടർന്നുള്ള പരിശോധനകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 1965 മുതൽ കേരളത്തിലെ വിവിധ വകുപ്പുകളിലും സെക്രട്ടറിയേറ്റിലും ഔദ്യോഗിക നടപടിക്രമങ്ങൾ ഇംഗ്ലീഷിലോ മലയാളത്തിലോ ആകാവുന്നതാണെന്ന് ഉത്തരവിട്ടു. 1973ൽ നിയമത്തിൽ ഭേദഗതി വരുത്തി മലയാളവും ഇംഗ്ലീഷും ഔദ്യോഗിക ഭാഷകളാക്കി. കേരളത്തിലെ ഹൈക്കോടതിയുടെയും കീഴ്ക്കോടതികളുടെയും നടപടികൾ മലയാളത്തിലാക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജസ്റ്റിസ് നരേന്ദ്രന്റെ അധ്യക്ഷതയിലൊരു കമ്മറ്റിയെ 1985ൽ സർക്കാർ നിയോഗിച്ചു. 1987ൽ കമ്മറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കീഴ്ക്കോടതികളിലെ ഔദ്യോഗികഭാഷ മലയാളമാക്കി ഉത്തരവിറങ്ങി. ഭരണഭാഷ മലയാളമാക്കിയെന്നതുകൊണ്ട് ഇംഗ്ലീഷ് പൂർണ്ണമായി ഉപേക്ഷിക്കപ്പെടുന്നില്ല. കേന്ദ്ര സർക്കാർ ഓഫീസുകളുമായും അന്യസംസ്ഥാന ഓഫീസുകളുമായും ബന്ധപ്പെടുന്നതിന് ഇംഗ്ലീഷാവശ്യമാണ്. അതേപോലെ ഭാഷാന്യൂനപക്ഷങ്ങളോടുള്ള കത്തിടപാടുകളും നടപടികളും ഇംഗ്ലീഷിലായിരിക്കണം.




1971 മുതൽ സെക്രട്ടറിയേറ്റിൽ ഔദ്യോഗിക ഭാഷാവിഭാഗം പ്രവർത്തനമാരംഭിച്ചു. 1999 മുതൽ സർക്കാർ തലത്തിൽ ജീവനക്കാർക്ക് ഭാഷാഭിമുഖ്യം വളർത്തുന്നതിനും ഭാഷാപ്രയോഗത്തിൽ പരിശീനം നൽകുന്നതിനും ഔദ്യോഗിക ഭാഷാപരിശീലന പരിപാടികളാരംഭിച്ചു. 2002 മുതൽ നമ്മുടെ സംസ്ഥാനത്ത് നവംബർ 1ന് മലയാള ഭാഷാദിനവും, ഒന്നു മുതൽ ഏഴ് വരെ ഭരണഭാഷാവാരമായും സർക്കാർതലത്തിൽ വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ ആചരിച്ചുവരുന്നു. ജില്ലാ കലക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതല ഭാഷാസമിതി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് വിവിധ വകുപ്പുകളിലെ ഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നു. യോഗത്തിൽ വിവിധ വകുപ്പ് തലവന്മാർ പങ്കെടുക്കും. സംസ്ഥാനതല ഭാഷാസമിതിയുടെ അധ്യക്ഷൻ ചീഫ് സെക്രട്ടറിയാണ്. 4 മാസത്തിലൊരിക്കൽ സംസ്ഥാനതല ഭാഷാസമിതി യോഗം ചേരും. മുഖ്യമന്ത്രി അധ്യക്ഷനും സാംസ്കാരികവകുപ്പ് മന്ത്രി ഉപാദ്ധ്യക്ഷനുമായ ഉന്നതതല സമിതി 6 മാസത്തിലൊരിക്കൽ യോഗം ചേരുന്നു. ഇതിന് പുറമെ നിയമസഭയുടെ ഔദ്യോഗിക ഭാഷാസമിതിയും ഭാഷാമാറ്റ പുരോഗതിക്കായി പ്രവർത്തിച്ചുവരുന്നു.

ആഗോളവൽക്കരണം, ആധുനിക സാങ്കേതികവിദ്യയുടെ വളർച്ച, കമ്പോള സംസ്കാരം, നഗരവൽക്കരണം, പാശ്ചാത്യജീവിത ശൈലി, ഗൾഫ് സ്വാധീനമെന്നിവയൊക്കെ നമ്മുടെ സാമൂഹിക ജീവിതത്തേയും സാംസ്കാരിക അടരുകളേയും സാരമായി സ്വാധീനിച്ചിട്ടുണ്ട്. നമ്മുടെ പൈതൃകം, പാരമ്പര്യം, നാട്ടറിവുകൾ, കാർഷിക സംസ്കൃതിയെന്നിവ നഷ്ടമാകുന്ന തരത്തിലുള്ള സ്വാധീനങ്ങളും ഇടപെടലുകളും അടുത്ത കാലത്തായി വലിയ തോതിലുണ്ടാവുന്നുണ്ട്. ഇതിനോടൊക്കെയുള്ള ചെറുത്തുനിൽപ്പിന്റെ ഭാഗമായി മാത്രമേ ഭാഷകളുടെ ഭാവിയെയും കാണാനാവൂ. ഓരോ നാടിനും ചെറു സമൂഹങ്ങൾക്കും അവരുടെ ഭാഷയും സ്വത്വവും സംരക്ഷിക്കാനും നിലനിർത്താനും കഠിനപ്രയത്നങ്ങളാവശ്യമായി വന്നിരിക്കുന്നു. ഒരു ജനസമൂഹം മാതൃഭാഷയെ സംരക്ഷിക്കുന്നുവെന്നതിനർത്ഥം അവർക്ക് കടന്നുകയറ്റങ്ങളെ പ്രതിരോധിക്കാനുള്ള കരുത്തുണ്ടെന്നാണ്.

ആശംസകൾ
ക്നാനായ
മൾട്ടി സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി ലിമിറ്റഡ്
KMCCS
Reg. No : MSCS/CR/640/2012
സേവനങ്ങൾ
FIXED DEPOSIT
SAVINGS DEPOSIT
INSURANCE SERVICE Motor, Health, Life
WESTERN UNION MONEY TRANSFER
ജന സേവന കേന്ദ്രം CITIZEN SERVICE CENTRE
BUSINESS LOAN
ചെറുകിട – ഇടത്തര വ്യാപാരി വ്യവസായികൾക്ക്
EMI LOAN
ഹ്രസ്വ – ദീർഘകാല വായ്പകൾ മാസ തവണ വ്യവസ്ഥയിൽ
ORDINARY LOAN
സാധാരണ പലിശ നിരക്കിൽ 2 കോടി വരെ
OVER DRAFT
സാധാരണ പലിശ നിരക്കിൽ 2 കോടി വരെ
HOME LOAN
സ്വപ്ന വീട് സാക്ഷാത്ക്കാരത്തിന് 25 ലക്ഷം വരെ
GOLD LOAN
വിവിധ സ്കീമുകൾ, ആകർഷകമായ പലിശ നിരക്കിൽ
GOLD LOAN SPECIAL
സ്വർണ്ണപണയ വ്യാപാരികൾക്ക് മാത്രം
GGLS ADVANCE
ഏത് മാസവും കൈപ്പറ്റാവുന്ന ഗ്രൂപ്പ് ഗ്യാരണ്ടി ലോൺ സ്കീം (ചിട്ടിക്ക് സമാനം)

മലയാള ഐക്യവേദി

"വിജ്ഞാനസമൂഹനിർമിതി മാതൃഭാഷയിലൂടെ"

## മലയാള ഐക്യവേദി/വിദ്യാർത്ഥി മലയാളവേദി
## 12- മത് സംസ്ഥാന സമ്മേളനം

2023 ഫെബ്രുവരി 11,12

ചൈതന്യ പാസ്റ്ററൽ സെന്റർ, തെള്ളകം, കോട്ടയം

### കാര്യപരിപാടി

**ഒന്നാംദിനം**

**ഫെബ്രുവരി 11**

**രാവിലെ 9:30 / രജിസ്ട്രേഷൻ**

**രാവിലെ 10:00 / പ്രഭാഷണം**

| | |
|---|---|
| സ്വാഗതം | - മിഷൽ മരിയ ജോൺസൺ |
| അധ്യക്ഷൻ | - അനിൽകുമാർ പവിത്രേശ്വരം |
| പ്രഭാഷണം | - **ഭാഷയുടെ വർത്തമാനം** ഡോ. പി. പവിത്രൻ |
| നന്ദി | - ജസ്റ്റിൻ പി. ജയിംസ് |

**രാവിലെ 11:00 / ഉദ്ഘാടന സമ്മേളനം**

| | |
|---|---|
| സ്വാഗതം | - എസ്.ആർ. അഭിരാമി |
| അധ്യക്ഷൻ | - അജു കെ. നാരായണൻ (സ്വാഗതസംഘം ചെയർമാൻ) |
| ഉദ്ഘാടനം | - എസ്. ഹരീഷ് |

**സമ്മേളന പതിപ്പ്, പുസ്തകപ്രകാശനങ്ങൾ - സ്വീകരിക്കുന്നത് - ചങ്ങമ്പുഴ ഹരികുമാർ**

| | |
|---|---|
| ആശംസ | - കെ. ഹരിദാസൻ (സെക്രട്ടറി, ഐക്യമലയാളപ്രസ്ഥാനം) |
| | - ആർ. നന്ദകുമാർ (ഐക്യമലയാളപ്രസ്ഥാനം) |
| | - സുജ സൂസൻ ജോർജ് (മലയാള മിഷൻ) |
| | - എം.ആർ. രേണുകുമാർ (കവി, പ്രഭാഷകൻ) |
| നന്ദി | - ടോം മാത്യു (സംഘാടക സമിതി കൺവീനർ) |

**ഉച്ചയ്ക്ക് 1 മണിക്ക് ഭക്ഷണം**

**2 മണി / സംഘടന സമ്മേളനം**

| | |
|---|---|
| സ്വാഗതം | - എ.എസ്. ഹരിദാസ് (വൈസ് പ്രസിഡന്റ് മലയാള ഐക്യവേദി) |
| അധ്യക്ഷൻ | - സി. അരവിന്ദൻ (പ്രസിഡന്റ്, മലയാള ഐക്യവേദി) |
| റിപ്പോർട്ട് | - കെ. ഹരികുമാർ (സെക്രട്ടറി, മലയാള ഐക്യവേദി) |
| | - അൻവർ അലി (സെക്രട്ടറി, വിദ്യാർത്ഥി മലയാളവേദി) |
| വരവ് ചെലവ് | - ഡോ.എം.എസ്. നസീറ (ട്രഷറർ, മലയാള ഐക്യവേദി) |
| പൊതുചർച്ച | |
| പ്രമേയങ്ങൾ | |
| മറുപടി | - സെക്രട്ടറിമാർ |
| നന്ദി | - ഫാമിദ കെ.എം. (ജോ. സെക്രട്ടറി, മലയാള ഐക്യവേദി) |

**വൈകീട്ട് 4 മണി / "ചായയും ചായവും"**
**കൂടെ സെൽഫിയും സമൂഹിയും = അംഗങ്ങളുടെ പരിചയപ്പെടൽ =**

**വൈകീട്ട് 6:30 മണി / സംഘടന രേഖ**

| | |
|---|---|
| സ്വാഗതം | - ജിത്തു കെ. |
| അധ്യക്ഷൻ | - ഷിജു ആർ. |
| അവതരണം | - നിസ്തുൽ രാജ് "സംഘടനരേഖ" |
| ചർച്ച | |
| നന്ദി | - ശ്രുതി പി. |

**രാത്രി 8:00 മണി / ഭക്ഷണം / കലാപരിപാടികൾ**

**രണ്ടാംദിനം**

**ഫെബ്രുവരി 12**

**രാവിലെ 8:30 / ഭാവിപ്രവർത്തനങ്ങൾ**

| | |
|---|---|
| സ്വാഗതം | - എം. രാജൻ |
| അധ്യക്ഷൻ | - ഡോ. സുരേഷ് പുത്തൻപറമ്പിൽ |
| അവതരണം | - എം.വി. വിദ്യ |
| നന്ദി | - അതുല്യ കെ.എം. |

**രാവിലെ 10:30 / ഭാരവാഹി തിരഞ്ഞെടുപ്പ്**

| | |
|---|---|
| സ്വാഗതം | - ഡോ. സുരേഷ് മൂക്കന്നൂർ |
| വരണാധികാരി | - എം.വി. പ്രദീപൻ |
| അഭിവാദ്യം | - നിയുക്ത സെക്രട്ടറിമാർ |
| നന്ദി | - നീരജ പ്രേംനാഥ് |

**രാവിലെ 11:00 / സമാപന സമ്മേളനം**

| | |
|---|---|
| സ്വാഗതം | - ഡോ. എ.കെ. അർച്ചന |
| അധ്യക്ഷൻ | - രൂപിമ എസ്. |
| ഉദ്ഘാടനം | - ഡോ. സുനിൽ പി. ഇളയിടം |
| ആശംസ | - സാബു മാത്യു (കൗൺസിലർ, കോട്ടയം നഗരസഭ) |
| | - ഡോ. പി. പവിത്രൻ |
| നന്ദി | - അക്ഷര വി. (ജില്ലാ പ്രസിഡന്റ്, വിദ്യാർത്ഥി മലയാളവേദി, കോട്ടയം) |

KUDAMALOOR SERVICE CO-OPERATIVE BANK LTD. No 93
KUDAMALOOR SERVICE CO-OPERATIVE BANK LTD. NO. 93
KUDAMALOOR, KOTTAYAM - 686017
H.O. Ph: 2393907, 9895148442
M & E Branch: 2393058
Neethi Medical Store : 2393802
ജില്ലയിലെ ക്ലാസ്സ് –1 സ്പെഷ്യൽ ഗ്രേഡ് സഹകരണ ബാങ്ക്
സേഫ് ഡെപ്പോസിറ്റ് ലോക്കർ സൗകര്യം
തുടർച്ചയായി ലാഭവിഹിതം നൽകി വരുന്നു.
നൂറ്റാണ്ടിന്റെ പാരമ്പര്യത്തിൽ
പ്രസിഡന്റ് ആർ. പ്രമോദ് ചന്ദ്രൻ
സെക്രട്ടറി ബിന്ദു പി. ആർ.

JOSCO
JEWELLERS
KOTTAYAM



# പി.എസ്.സി. വെട്ടിയ വേരുകൾ മുളപ്പിച്ചെടുത്ത ഒരു സമരകഥ

**പി. പ്രേമചന്ദ്രൻ**

ഏകദേശം 25 വർഷങ്ങൾക്കിപ്പുറം കേരളത്തിൽ എൽപി/യുപി അധ്യാപകനിയമനപരീക്ഷയിൽ ഒരു വിഷയമെന്ന നിലയിൽ മലയാളം കൂടി ഉൾപ്പെടുത്തിയ വിജ്ഞാപനം കേരള പി എസ് സി പുറത്തിറക്കി. ഐക്യമലയാളപ്രസ്ഥാനത്തിന്റെയും മലയാള ഐക്യവേദിയുടെയും നേതൃത്വത്തിൽ നടന്ന വലിയ സമരങ്ങളുടെ ഓർമ്മകളില്ലാതെ ആ വിജ്ഞാപനം കയ്യിലെടുക്കാൻ കഴിയില്ല.



എൽപി / യുപി അധ്യാപക നിയമനത്തിനായി കേരള പി എസ് സി നടത്തുന്ന എഴുത്തുപരീക്ഷകളിൽ ഒരു കാലം വരെ ഏറ്റവും കൂടുതൽ ചോദ്യങ്ങൾ ഉൾപ്പെടുത്തിയിരുന്നത് മലയാള ഭാഷയും സാഹിത്യവുമായി ബന്ധപ്പെട്ടായിരുന്നു. അത് അക്കാലത്തെ പ്രൈമറിസ്കൂൾ കരിക്കുലവുമായി ചേർന്ന ഒരാശയം കൂടിയായിരുന്നു. പ്രത്യേകിച്ചും ലോവർ പ്രൈമറി വിഭാഗത്തിൽ ഉദ്ഗ്രഥിത സമീപനമാണ് നമ്മൾ സ്വീകരിച്ചിരുന്നത്.അതായത് ഗണിതവും പരിസരപഠനവുമെല്ലാം മാതൃഭാഷയിലൂടെയാണ് വിനിമയം ചെയ്യപ്പെട്ടിരുന്നത്. ഒരു കഥയിലൂടെ എളുപ്പത്തിൽ നമ്മുടെ ജീവിതപരിസരത്തേക്കും ഗണിതക്രിയയിലേക്കും കുട്ടികളെ കൈപിടിച്ച് നടത്താൻ അധ്യാപകർക്ക് കഴിയുംവിധമാണ് കരിക്കുലം ചിട്ടപ്പെടുത്തിയിരുന്നത്. അതുകൊണ്ടുതന്നെ മാതൃഭാഷയിൽ ആഴത്തിലുള്ള അറിവ് പ്രൈമറി അധ്യാപകർ ആർജ്ജിക്കണമായിരുന്നു. എന്നാൽ പതുക്കെ പ്രൈമറി ക്ലാസുമുറികളിലേക്ക് വിവിധ വിഷയങ്ങൾ ഒറ്റയൊറ്റയായി കടന്നുവന്നു. ഇംഗ്ലീഷും കണക്കും ശാസ്ത്രവും സാമൂഹികശാസ്ത്രവും എല്ലാം വെവ്വേറെ അറകളിലും പുസ്തകങ്ങളിലുമായി പകുക്കപ്പെട്ടു. ഇതിന് സമാന്തരമായി പ്രൈമറി അധ്യാപകനിയമന പരീക്ഷയിൽ മലയാളത്തിനുള്ള സ്ഥാനം കുറഞ്ഞു കുറഞ്ഞു വന്നു. 60 ശതമാനത്തിൽ നിന്ന് 20 ശതമാനത്തിലേക്കും പത്തു ശതമാനത്തിലേക്കും കുറഞ്ഞൊടുവിൽ ഒരു മാർക്കിനു പോലുമുള്ള ചോദ്യങ്ങൾ മലയാളത്തിൽ നിന്നും ചോദിക്കാതായി. ഡിഎൽഎഡ് കോഴ്സിന് പഠിക്കുന്ന വിഷയങ്ങളിൽ മാതൃഭാഷ മാത്രം നിയമനപരീക്ഷയ്ക്ക് അനാവശ്യമായി. കഴിഞ്ഞ ഇരുപത്തഞ്ചു വർഷങ്ങളായി അങ്ങനെയാണ് പ്രൈമറി അധ്യാപകനിയമനപരീക്ഷ കേരളത്തിൽ നടത്തപ്പെടുന്നത്.

ഈ വിഷയം ഉന്നയിച്ച് ട്രൂ കോപ്പി തിങ്കിൽ 2020 ആഗസ്റ്റ് 26ന് 'വേരുവെട്ടുന്ന പിഎസ്സി' എന്ന പേരിൽ ഈ ലേഖകൻ ഒരു ലേഖനമെഴുതുന്നതോടുകൂടിയാണ് ഈ വിഷയം പൊതുസമൂഹത്തിനു മുന്നിൽ ഉയർന്നുവരുന്നത്. അക്കാദമിക/ഔദ്യോഗിക തലങ്ങളിൽ നടന്ന ഗൂഢതന്ത്രങ്ങൾ അതോടെ പൊതുസമൂഹത്തിനു മുന്നിൽ തുറന്നു കാട്ടപ്പെട്ടു. വലിയ പ്രതികരണങ്ങൾ അതുളവാക്കി. തുടർന്ന് മലയാള ഐക്യവേദി ഈ വിഷയം ഏറ്റെടുക്കുകയും സമീപ ദിവസങ്ങളിൽ തന്നെ ഫേസ്ബുക്കിൽ 'മാതൃഭാഷയുടെ വേരറുക്കാൻ കേരളാ പിഎസ്സി യെ അനുവദിക്കില്ല' എന്ന പ്രൊഫൈൽ ഫ്രെയിം മുഴുവൻ ഭാഷാസ്നേഹികളും അണിയുകയും ചെയ്തു. ഐക്യമലയാള പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഇതിനെതിരെ ഓൺലൈനിൽ വലിയ സമരം നടത്താൻ തീരുമാനിച്ചു. ഓൺലൈൻ മാധ്യമങ്ങളിൽ, പിഎസ്സിയുടെ മാതൃഭാഷാവിരോധത്തിന്റെ നിരവധി ഉദാഹരണങ്ങൾ/സമീപനങ്ങൾ പലരും ചൂണ്ടിക്കാട്ടി. മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കാൻ ഓൺലൈനിൽ ഭീമഹർജി തയ്യാറാക്കുകയെന്ന സമരമാർഗ്ഗമാണ് സ്വീകരിച്ചത്. ഇതിനായി വെബ്പേജ് നിർമ്മിച്ച് പരമാവധി ആളുകളുടെ ഒപ്പ് ശേഖരണ ശ്രമം നടന്നു. ഇതിനായി ഓരോ ജില്ലയിലും വലിയ ആസൂത്രണങ്ങളും തയ്യാറെടുപ്പുകളും ഉണ്ടായി. 2020 സെപ്റ്റംബർ മാസത്തിൽ നടന്ന സമരം വിഖ്യാത മലയാള ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. എം.ടി. വാസുദേവൻ നായർ, എം. മുകുന്ദൻ, വി. മധുസൂദനൻ നായർ, എം. ലീലാവതി തുടങ്ങി കേരളത്തിന്റെ അഭിമാനമായ സാംസ്കാരിക പ്രവർത്തകർ മുതൽ സാധാരണജനങ്ങൾ വരെ മാതൃഭാഷയ്ക്കുവേണ്ടിയുള്ള ഈ സമരത്തിൽ അണിചേർന്നു. 35000 പേർ ഒപ്പിട്ട ഭീമഹർജി മുഖ്യമന്ത്രിക്ക് കൈമാറി. എന്നാൽ പ്രസ്തുത നിവേദനം മുഖ്യമന്ത്രിയുടെ മുന്നിലെത്താതിരിക്കാൻ പരമാവധി ശ്രമങ്ങൾ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായി.

2020 നവംബർ 1 മുതൽ 7 വരെ പ്രതിഷേധ വാരാചരണമായി ഇതിന്റെ രണ്ടാംഘട്ട സമരം നടന്നു. ഈ പ്രതിഷേധ പരിപാടിയിലും നിരവധി പേർ പങ്കാളികളായി. തുടർന്ന് ഭീമ ഹർജി മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുകയും ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് മാതൃഭാഷയിൽ നിന്നുള്ള 10 ശതമാനം ചോദ്യങ്ങൾ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുകയും ചെയ്തു. അതിനു ശേഷം നടക്കുന്ന പ്രൈമറി അധ്യാപകനിയമന പരീക്ഷയുടെ വിജ്ഞാപനമാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. ഇരുപത്തഞ്ചോളം വർഷങ്ങൾക്ക് മുമ്പ് പ്രൈമറി അധ്യാപകനിയമന പരീക്ഷാചോദ്യപേപ്പറിൽ നിന്നും പൂർണ്ണമായും കുടിയിറക്കപ്പെട്ട മാതൃഭാഷ ഒരു വിഷയമെന്ന നിലയിൽ ഗണിതശാസ്ത്ര വിഷയങ്ങൾക്കൊപ്പം തുല്യ പ്രാധാന്യത്തോടെ തിരിച്ചെത്തുന്നത് അഭിമാനകരമായ നേട്ടമാണ്. വിജയിച്ച സമരങ്ങളുടെ അപൂർവ്വമായ പട്ടികയിൽ മാതൃഭാഷയ്ക്ക് വേണ്ടിയുള്ള ഈ സമരത്തിനും ഇടം പിടിക്കാൻ കഴിഞ്ഞത് മലയാള ഐക്യവേദിയുടേയും ഐക്യമലയാള പ്രസ്ഥാനത്തിന്റെയും പ്രവർത്തകരുടെ നിശ്ചയദാർഢ്യത്തോടെയുള്ള സമരപ്രവർത്തനമാണെന്നത് നമ്മൾ ഓരോരുത്തരുടെയും അഭിമാനമാണ്. ഒപ്പം മാതൃഭാഷയ്ക്ക് നേരെ ഒളിഞ്ഞും തെളിഞ്ഞും മുറിച്ചുരിക പണിയുന്ന ഉദ്യോഗസ്ഥ അധികാര ലോബിക്കെതിരെ നിതാന്ത ജാഗ്രതയുടെ കെടാക്കണ്ണുകളുമായ് ഭാഷാപ്രവർത്തകർ ഉണർന്നിരിക്കണമെന്നും അതോർമ്മിപ്പിക്കുന്നു.





